Kandanad

Diocesan Bulletin

Vol. 12, No. 3, 15 March 2024

എഡിറ്റോറിയൽ

# കൂത്താട്ടുകുളം ബൈബിൾ കൺവൻഷന് 75 വയസ്സ് പിന്നിടുമ്പോൾ

**ക**ണ്ടനാട് ഭദ്രാസനത്തിലെ പ്രമുഖ ദേവാലയങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൂത്താട്ടുകുളം മേഖല. ആ പ്രദേശത്തുള്ള മിക്കവാറും എല്ലാ ദേവാലയങ്ങളുടെയും തലപ്പള്ളി പരിശുദ്ധനായ യൂഹാനോൻ മാംദാനയുടെ നാമത്തിൽ സ്ഥാപിതമായ പുരാതന ദേവാലയമായ വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയാണ്. ചരിത്രത്തിന്റെ ഓരോ ഘട്ടങ്ങളിലും ഓരോ പ്രദേശത്തുള്ള സഭാവിശ്വാസികൾ അതാത് സ്ഥലങ്ങളിൽ ദേവാലയങ്ങളും സെമിത്തേരികളും സ്ഥാപിച്ച് വിശ്വാസ-ആരാധന ജീവിതത്തെ വികേന്ദ്രീകരിച്ചു ജീവിതവും സാക്ഷ്യവും ശക്തിപ്പെടുത്തി. എന്നിരുന്നാലും പൂർവ്വിക ചരിത്രസ്മൃതികളിൽ നിലനിൽക്കുവാനും സഭാജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും കണ്ടെത്തി ജീവിക്കുവാനും വിവിധ ആദ്ധ്യാത്മിക ഇടപെടലുകൾ നടത്തിയിരുന്നു. ഈ നിലയിൽ ആ പ്രദേശത്തെ വിശ്വാസികളുടെ ജീവിതത്തെ സ്വാധീനിച്ച ഒന്നാണ് കൂത്താട്ടുകുളം കേന്ദ്രമായി നടന്നുവന്ന ബൈബിൾ ക്ലാസും തുടർന്ന് ആരംഭിച്ച ബൈബിൾ കൺവൻഷനും. ഇപ്പോൾ ഈ മേഖലയിൽ ഭദ്രാസനത്തിന് 8 ഇടവക പള്ളികളും 2 ചാപ്പലുകളുമുണ്ട്. ഈ ഇടവകകളുടെ സംയുക്ത സംരംഭമായാണ് കൂത്താട്ടുകുളം കൺവൻഷൻ നടക്കുന്നത്. സഭാ വഴക്കുകളുടെ പശ്ചാത്തലത്തിൽ ഇടവക പള്ളികളിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളും ഭരണപരമായ അസ്ഥിരതയും മാറി സമാധാനം കൈവരിച്ചതിന്റെ പ്രത്യക്ഷ അടയാളമാണ് ഈ വർഷത്തെ കൺവൻഷൻ യോഗങ്ങൾ എന്ന് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ചരിത്ര രേഖകളെ അടിസ്ഥാനപ്പെടുത്തിയാൽ 1949 ലാണ് കൂത്താട്ടുകുളം കേന്ദ്രമാക്കി വന്ദ്യനായ കരോട്ടുവീട്ടിൽ കെ. ഒ. തോമസ് അച്ചന്റെ നേതൃത്വത്തിൽ ബൈബിൾ ക്ലാസ് ആരംഭിക്കുന്നത്. ഈ ക്ലാസുകളിലൂടെ വളർന്നുവന്ന ബൈബിൾ പഠിതാക്കളുടെ ഉത്സാഹത്തിലാണ് പിന്നീട് വലിയ നോമ്പു ദിനങ്ങളിൽ കൺവൻഷൻ യോഗങ്ങൾ ആരംഭിച്ചത്. കോട്ടയം സി. എം. എസ്. കോളേജിലെ അധ്യാപന ജോലിയോടൊപ്പം വടകര പള്ളിയിലെ വൈദിക ശുശ്രൂഷയും മറ്റ് അദ്ധ്യാത്മിക പ്രവർത്തനങ്ങളും അച്ചൻ തുടർന്നുവന്നു. ബഹുമാനപ്പെട്ട അച്ചന്റെ ബൈബിൾ പഠന ലേഖനങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്. അടിസ്ഥാനപരമായി ബൈബിൾ പഠനത്തിൽ അവലംബിക്കേണ്ട സങ്കേതങ്ങളെ അദ്ദേഹം ഓരോ പഠനത്തിലും ഉപയോഗിച്ചിരുന്നു എന്ന് കാണാൻ സാധിക്കും. ആഴത്തിലുള്ള പഠനവും വ്യാഖ്യാന ചാരുത്യവും സംവേദനശേഷിയും അദ്ദേഹത്തിന്റെ ബൈബിൾ ക്ലാസുകളുടെ മുഖമുദ്രയായിരുന്നു. ബൈബിൾ വിചിന്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള ആദ്ധ്യാത്മികതയ്ക്ക് അദ്ദേഹം കരുത്തു പകർന്നു എന്നതും അനേകർ സുവിശേഷത്തിലേക്ക് ആകർഷകരായി എന്നതും പിൽകാലചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കും.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് രണ്ടുവർഷത്തിനുശേഷവും ഐക്യകേരളം നിലവിൽ വരുന്നതിനു മുമ്പും ആണ് ഈ ബൈബിൾ ക്ലാസ് ഇവിടെ ആരംഭിക്കുന്നത്. കൂത്താട്ടുകുളം പ്രദേശത്തെ പ്രത്യേകം പരിഗണിക്കുമ്പോൾ ഈയൊരു ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് വിപ്ലവ ആശയങ്ങളുടെ ഈറ്റില്ലമായി ഇവിടം മാറിക്കഴിഞ്ഞിരുന്നു. ഇതുതന്നെയായിരിക്കണം ബൈബിൾ ക്ലാസ് ആരംഭിക്കുന്നതിലെ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**കൂത്താട്ടുകുളം ബൈബിൾ കൺവൻഷന് 75 വയസ്സ് പിന്നിടുമ്പോൾ** .................... 1

**തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-13** ...... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വന്യമൃഗങ്ങൾ കാടിറങ്ങുമ്പോൾ** ................ 7
ഡോ. എം. പി. മത്തായി

**സൗഖ്യം വിലക്കുന്ന സഭയും പാരമ്പര്യവും** .................... 10
ഫാ. സിബി മാത്യു വർഗീസ്

**കീഴാളതയും പ്രതിനിധാനത്തിന്റെ പ്രശ്നങ്ങളും സ്പിവാക്കിന്റെ ചിന്തകളിൽ** . 13
ഡോ. വൈ. റ്റി. വിനയരാജ

**വനിതാദിനം 2024** .................... 15
ജിജി ജോൺസൺ


പ്രധാന വെല്ലുവിളി എന്ന് കരുതുന്നതിൽ തെറ്റില്ല. കൂത്താട്ടുകുളം പ്രദേശത്ത് സുറിയാനി ക്രിസ്ത്യാനികളാണ് കമ്മ്യൂണിസ്റ്റ് ചിന്താധാരയിലേക്ക് അധികമായി ആകർഷിക്കപ്പെട്ടത്. നിരന്തരം നടക്കുന്ന പാർട്ടി ക്ലാസുകളും പ്രക്ഷോഭങ്ങളും ആ പ്രദേശത്തെ ഒന്നാകെ മാറ്റിമറിച്ചു. സി. ജെ. തോമസിനെപ്പോലെയുള്ള സാഹിത്യകാരന്മാരും ഈയൊരു ഘട്ടത്തിൽ രംഗപ്രവേശനം ചെയ്തു. സമത്വത്തിൽ ഊന്നിയ ലോകക്രമത്തിനു വേണ്ടി കമ്മ്യൂണിസ്റ്റുകൾ ഒന്നടങ്കം ശബ്ദം ഉയർത്തുമ്പോൾ ബൈബിൾ മുന്നോട്ടുവയ്ക്കുന്ന ബദൽ ആത്മീയതയായിരുന്നിരിക്കണം ആ കാലത്തെ ബൈബിൾ ക്ലാസിന്റെ മുഖമുദ്ര. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളിലേക്കുള്ള ഒഴുക്ക് തടയുക എന്നതല്ല ആ കാലഘട്ടത്തിൽ കൊടികുത്തിവാണ അനീതിക്കെതിരെ ശബ്ദിക്കുന്നവർക്ക് മുമ്പിൽ ബൈബിൾ തുറന്നിടുന്ന നവയുഗ സന്ദേശത്തെ അനാവരണം ചെയ്യുകയായിരുന്നു ഈ കൂട്ടായ ബൈബിൾ വായനയുടെയും പഠനത്തിന്റെയും ലക്ഷ്യം എന്ന് കാണാൻ സാധിക്കും. അതുകൊണ്ടു തന്നെ ഇതൊരു ശക്തമായ ബദൽ മുന്നേറ്റമായിരുന്നു എന്ന് മനസ്സിലാക്കണം.

ഇതോടൊപ്പം പരാമർശിക്കേണ്ട മറ്റൊരു സംഭാവന ഈ ക്ലാസുകൾ പ്രേഷിതവേലയെ കൂടുതൽ ആഴമുള്ളതാക്കി എന്നതാണ്. മലങ്കരസഭയിൽ വെക്കേഷൻ ബൈബിൾ സ്കൂൾ ആരംഭിക്കുന്നതിന് വളരെ മുമ്പു തന്നെ 1950 കളിൽ കൂത്താട്ടുകുളത്ത് VBS ആരംഭിച്ചു എന്നതും ഇതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ടതാണ്. മിഷനറിമാരുടെ പാഠങ്ങൾ (text) ഉപയോഗിച്ചും പാട്ടുകൾ പഠിപ്പിച്ചും ആക്ഷൻസോങ് പാടിയും വിശ്വാസികളുടെ ജീവിതത്തോട് ബൈബിളിനെ കൂടുതൽ ചേർത്തുവച്ചു. ആ പ്രദേശത്ത് ജീവിച്ചിരിക്കുന്ന 75 വയസ്സ് പിന്നിട്ട പലർക്കും ഇത് അനുഗ്രഹീതസ്മരണയാണ്. ഇത് സൂചിപ്പിക്കുന്നതും ബൈബിൾ പഠനം വലിയ തുറവിയെ അവിടെയുള്ളവർക്ക് സമ്മാനിച്ചു എന്നു തന്നെയാണ്.

കൂത്താട്ടുകുളം ബൈബിൾ ക്ലാസും കൺവൻഷനും 75 വർഷം പിന്നിടുമ്പോൾ നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്; ജീവിത പരിസരത്തോടും അതിന്റെ വെല്ലുവിളികളോടും പ്രതിസ്പന്ദിക്കുന്ന ബൈബിൾ പഠനവും പ്രഘോഷണവും നമ്മുടെ കൈവശം ഉണ്ടോ എന്ന്. ഏതു സാഹചര്യങ്ങളിലും ബൈബിൾ മുന്നോട്ടുവയ്ക്കുന്ന ശക്തമായ പ്രതിരോധമുണ്ട്, അത് എക്കാലവും ലോകത്തെ തിരുത്തുന്നതുമാണ്. ഇതാണ് കൂത്താട്ടുകുളം ബൈബിൾ കൺവൻഷൻ നമ്മെ ഓർമ്മിപ്പിക്കുന്നത്. കെല്പുള്ള സുവിശേഷ പ്രഘോഷകരായി മാറാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. 75-ാം വാർഷിക കൺവൻഷൻ അനുഗ്രഹമാക്കിത്തീർത്ത എല്ലാ ഭാരവാഹികൾക്കും അഭിവാദനങ്ങൾ നേർന്നുകൊണ്ട്...

***ചീഫ് എഡിറ്റർ***

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-13

പഴയനിയമത്തിലെ ധർമ്മ വിചാരം അവിടെ വെളിപ്പെടുന്ന ദൈവത്തിലാണ് പ്രകടമാകുന്നത്. ഇസ്രായേലിന്റെ ജീവിതവും നട പടികളും നിയന്ത്രിക്കുന്ന ന്യായ പ്രമാണത്തിലും അതിന്റെയടി സ്ഥാനത്തിൽ ജനത്തിന്റെ പ്രവൃ ത്തിയെ വിമർശിക്കുകയും അവരെ തിരുത്തുകയും മുന്നറിയിപ്പു നൽ കുകയും ചെയ്യുന്ന പ്രവചനങ്ങ ളിലും ധാർമ്മികസത്യങ്ങൾ വെളി പ്പെടുത്തുന്ന വിജ്ഞാനഗ്രന്ഥങ്ങ ളിലും അതു പ്രതിഫലിക്കുന്നു. അതുകൊണ്ട് പഴയനിയമനീതി വിചാരവും അവയുടെ മാനദണ്ഡ ങ്ങളും അവയ്ക്കാധാരമായ ദൈവ പ്രകൃത-സ്വഭാവങ്ങളും വ്യക്തമാ ക്കുവാൻ മേൽപ്പറഞ്ഞ രേഖകളുടെ പഠനം ആവശ്യമായി വരുന്നു.

പഴയനിയമത്തിലെ ദൈവം സ്വയംവിശേഷിപ്പിക്കുന്നതും ദൈവത്തെ ജനംവിളിക്കുന്നതും നീതിമാനായ ദൈവം (righteous God) എന്നാണ്. പഴയനിയമ കാല-ദേശ-പരിസരങ്ങളിൽ നിലനി ന്നിരുന്ന ഇതര മതങ്ങളിലെ ദൈവ സങ്കല്പത്തിൽ നീതിബോധം എന്ന സവിശേഷത ഉണ്ടായിരു ന്നില്ല. എന്നാൽ ഇസ്രായേലിന്റെ ദൈവം സ്വയംവെളിപ്പെടുന്നത് നീതിയുടെദൈവമായിട്ടാണ്. പഴയ നിയമത്തിലെ നിയമപുസ്തക ങ്ങൾ, പ്രവചനങ്ങൾ, സങ്കീർത്ത നങ്ങൾ, വിജ്ഞാനഗ്രന്ഥങ്ങൾ എന്നിവയിലെല്ലാം ദൈവം ഈ പേരിൽ അറിയപ്പെടുന്നു (പുറ. 9:27; 2. ദിനവൃത്താന്തം 12:6; 6:25; ആവ. 40:8; സങ്കീ. 34:19; യിരമ്യ. 23:33; സങ്കീ. 119:127; 103:6, 17; 129:4. നീതിയും ന്യായവുമാണ് നിന്റെ സിംഹാസനത്തിന്റെ അടിത്തറ. സങ്കീ. 89:14). ഈ ദൈവികനീതി യാണ് ദൈവജനത്തിൽ പ്രതിഫ ലിക്കുവാൻ ദൈവം ആഗ്രഹിക്കു ന്നതും. അതുകൊണ്ട് ദൈവം ജന ത്തിനു നൽകുന്ന പ്രമാണങ്ങൾ ധാർമ്മികസ്വഭാവമുള്ളതാണ്. ദൈവജനത്തിന്റെ ധാർമ്മികത എന്നത് അവിടെ പ്രകടമാകുന്ന ദൈവസ്വഭാവമാണ്.

പഴയനിയമത്തിന്റെ ആദ്യ ഗ്രീക്കുപരിഭാഷയായ സെപ്ത്വ ജന്റിൽ നീതി എന്ന പദം സൂചിപ്പി ക്കുന്നതിന് ഉപയോഗപ്പെടുത്തിയി രിക്കുന്നത് dikaiosune എന്ന വാക്കാ ണ്. ഇംഗ്ലീഷിൽ righteounsess/justice എന്ന പദങ്ങൾ അർത്ഥവ്യ ത്യാസം കൂടാതെ പ്രയോഗിക്കുന്നു. മലയാളത്തിൽ നീതി, ന്യായം എന്നീ വാക്കുകൾ അതിനു തത്തു ല്യമാണ്. എന്നാൽ എബ്രായവേദ പുസ്തകത്തിൽ അർത്ഥവ്യത്യാസ ങ്ങളോടെ നാലുപദങ്ങൾ ഉപയോ ഗപ്പെടുത്തുന്നുണ്ട്. ഇവ സംബ ന്ധിച്ച പഠനമാണ് നീതിവിചാര നിർവ്വചനത്തിന് അടിസ്ഥാനം എന്നു പറയാം.

ദൈവത്തെ വിശേഷിപ്പിക്കു ന്നതിന് പഴയനിയമത്തിൽ ഉപയോ ഗിച്ചിരിക്കുന്ന ഒരു പദം zedekah എന്നാണ്. യാഹ്‌വേസാദിക് (യ ഹോവ നീതിമാൻ) എന്നാണ് ദൈവത്തെ പറയുന്നത്. ഈ വിശേ ഷണപദപ്രയോഗം 300 ൽ അധികം പ്രാവശ്യമാണ് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ ദൈവികനീതിയുടെ സവിശേഷത, ഉള്ളടക്കം എന്നിവ നിർവ്വചിച്ചാലേ ഇസ്രായേലിലെ ധാർമ്മികവി ചാരം എന്തെന്നു വ്യക്തമാക്കാ നാവൂ. അതുകൊണ്ട് ഈ ദൈവിക നീതിയുടെ പ്രത്യേകത എന്ത് എന്ന അന്വേഷണം ആരംഭിക്കാം.

zedekah എന്ന പദത്തിന്റെ പ്രാഥമിക അർത്ഥം നിസ്സഹായന് ആവശ്യമായസഹായം എത്തി ക്കുക, ഉദാരമായിനൽകുക എന്ന താണ്. അതായത് ഇത് ആവശ്യ ക്കാരനോടുള്ള സമീപനത്തിന്റെ കാര്യമാണ്. വീഴ്ചസംഭവിക്കു മ്പോഴും ജനത്തെ കൈവിടാതെ കരുതുന്ന ദൈവസ്വഭാവമാണി വിടെ സൂചന. എന്നാൽ അതോ ടൊപ്പം അടിപ്പെട്ട് നിസ്സഹായനാ യിത്തീർന്ന മനുഷ്യനെ അടിമത്ത ത്തിൽ നിന്ന് ഉയർത്തെഴുന്നേൽ ക്കാൻ പ്രാപ്തനാക്കുക എന്ന ഒരു തുടർസൂചന കൂടി ഈ പദത്തി നുണ്ട്. അതുതന്നെയാണ് ക്രിസ്തു വിൽ വെളിപ്പെട്ട നീതി. ഭരണ സംവിധാനത്തിൽ സംഭവിക്കുന്ന അനീതികൊണ്ടും മനുഷ്യന്റെ വീഴ്ചകൊണ്ടും അടിമത്തവിധേയ നായ മനുഷ്യനെ വിമോചിപ്പി ക്കുന്നതാണ് ദൈവനീതി. അതു കൊണ്ട് നീതിയും സ്നേഹവും തമ്മിൽ സംഘർഷമില്ല. അതായത് ഇവിടെ പ്രകടമാകുന്നത് വിമോച നപ്രേരകമായ, വീണ്ടെടുക്കുന്ന ദൈവനീതിയാണ്. ഇസ്രായേൽ ജനവുമായി ദൈവം ഉണ്ടാക്കിയ ഉടമ്പടി (Berith/Covenant) യാണ് ഇതിന് അടിസ്ഥാനം. മനുഷ്യന്റെ ദുർബലാവസ്ഥ ദൈവം മനസ്സി ലാക്കി അവരുടെ വീഴ്ചകൾ വിസ് മരിച്ച് കനിവ്, വിശ്വസ്തത എന്നിവ പുലർത്തി അവരെ തന്നോടുചേർ ത്തുനിർത്തുന്ന ദൈവസ്വഭാവ മാണ് നീതി. ഇത് ദൈവത്തിന്റെ അനുകമ്പ (compassion) മാത്രമല്ല,

പ്രത്യുത ആവശ്യത്തിൽകഴിയുന്ന വ്യക്തിയെ അഭിമാനത്തോടെ (with dignity) ദൈവികവാഗ്ദത്ത പ്രകാരം ഉൾക്കൊള്ളുന്നു എന്നതു കൂടിയാണ്. അതാണ് ഇതിന്റെ സവിശേഷത. ദൈവികസമീപനത്തിൽ കാണുന്ന ക്രിയയും കൂടിയാണ് നീതി. അതുകൊണ്ടാണ് ഇതിനെ നീതീകരിക്കൽ (justification) എന്ന പദപ്രയോഗം പൗലോസ് അപ്പോസ്തലൻ മനുഷ്യരക്ഷയെപ്പറ്റി പറയുമ്പോൾ ഉപയോഗിക്കുന്നത്. മനുഷ്യന്റെ അനീതി ദൈവത്തിന്റെ നീതിയുമായി നേർക്കുനേർ വച്ചിരിക്കുകയാണ്. ആ നീതിയാണ് സങ്കീർത്തനം 51:1-2 ൽ പ്രതിപാദിക്കുന്നത്. ഇതിൽ അനീതിക്കുപയോഗിച്ചിരിക്കുന്നത് ലംഘനം (transgression), അപരാധം (iniquity), പാപം (sin) എന്നീ വ്യത്യസ്ത പദങ്ങളാണ്. ഇങ്ങനെയുള്ള മനുഷ്യസമൂഹത്തെ വീണ്ടെടുക്കുന്ന ദൈവികമനോഭാവമാണ് നീതി. മനുഷ്യൻ നിയമം ലംഘിക്കുകയോ തിരസ്കരിക്കുകയോ വക്രിക്കുകയോ അതിൽ കുറവുള്ളവനായി കാണപ്പെടുകയോ ചെയ്യുമ്പോൾ അനുതാപം (Shub) വഴി അവരെ വീണ്ടെടുക്കുന്നതാണ് ദൈവനീതി.

ഈ നീതിയെ വിശദീകരിക്കുവാനാണ് ഇതിന്റെ വിശേഷണമായി ചില പദങ്ങൾ പഴയനിയമത്തിൽ നാം കണ്ടെത്തുന്നത്. അതിൽ ഒന്ന് chesed എന്ന പദമാണ്. ഇത് ഇംഗ്ലീഷിൽ സാധാരണ Steadfast love എന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത് (സങ്കീ. 63:3;118:1-4;136:1-26; വിലാപം 3:22). മലയാളത്തിൽ അചഞ്ചലസ്നേഹം, നിലനിൽക്കുന്ന സ്നേഹം എന്നെല്ലാമാണ് തർജ്ജമ. മനുഷ്യനുമായുള്ള വാഗ്ദത്തനിവൃത്തിക്കായി ദൈവം മനുഷ്യനോടു കാണിക്കുന്ന സ്നേഹനിർഭരമായ അലിവാണ് (loving kindness) ഇത്. മനുഷ്യന്റെ വീഴ്ച, പ്രതിസന്ധി, അടിമത്തം എന്നിവയിൽ ദൈവത്തിന്റെ നിലനിൽക്കുന്ന കരുണാമനോഭാവം ആണിത്. അബ്രഹാമിനോടും ദാവീദിനോടുമെല്ലാം ദൈവം സ്വന്തംനിലയിൽ ചെയ്ത ഉടമ്പടി മാനിച്ചുകൊണ്ടുള്ള സ്നേഹപ്രതികരണം (ആവ. അധ്യ. 18). ദൈവിക രോഷം/ക്രോധം വിസ്മരിക്കുന്ന സ്നേഹം (സങ്കീ 23:6; 148:8; മീഖ. 7:18). 238 വാക്യങ്ങളിലായി 246 പ്രാവശ്യം ഈ പദം പ്രയോഗിച്ചു കാണുന്നു. ദൈവിക നീതിയുടെ സ്വഭാവം വെളിപ്പെടുന്ന വിശേഷണമാണിത്. നീതി (Zedekah) എന്ന പദത്തോടൊപ്പം തന്നെ ചിലയിടങ്ങളിൽ കൃപ (hanoon), കരുണ (rahoom) എന്നീ പദങ്ങൾ അതിനെ വിശദീകരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു (സങ്കീ. 112:4;116:5; 119:145-160).

അതുപോലെ മറ്റൊരു പദമാണ് 'ra'-hem'. വറ്റാത്ത കരുണ എന്നാണിതിന്റെ അർത്ഥം. ഇതും ദൈവികനീതിയുടെ സ്വഭാവം വ്യക്തമാക്കുന്നതാണ്. അതായത് സെദക്ക എന്ന നാമത്തിൽ പ്രകടമായ ദൈവികനീതിയുടെ സ്വഭാവം ധ്വനിപ്പിക്കുന്നതാണ് ഹെസെഡ്, റഹേം എന്നീ പദങ്ങൾ. സമൂഹത്തിൽ നിലനിൽക്കേണ്ട നീതി സങ്കല്പത്തെയും ദൈവനീതിയെയും പ്രതിഫലിപ്പിക്കുന്നതാണ് അവ. അവിടെ അരങ്ങേറുന്ന ക്രമരാഹിത്യം, ചൂഷണം, അനൈക്യം, സംഘർഷം എന്നിവയെല്ലാം മാറ്റിയെടുത്ത് ക്രമീകൃത സമൂഹമാക്കുകയാണ് നീതിയുടെ ലക്ഷ്യം. ഉല്പത്തിപുസ്തകത്തിൽ ദൈവത്തിന്റെ ആത്മാവ് ക്രമരഹിതമായ പിണ്ഡത്തിൽ പരിവർത്തിച്ച് ക്രമനിബദ്ധമാക്കുകയാണ് (ഉല്പ 1:2). ഈ ദൈവികനീതിയാണ് ജനത്തിന്റെ നീതിയുടെ ആധാരവും മാനദണ്ഡവും. കാരണം മനുഷ്യനീതി നിർവ്വചിക്കുന്നത് ദൈവവും ദൈവികനീതിയുമാണ്. ദൈവനീതിയാണ് മനുഷ്യനീതിയുടെ അടിസ്ഥാനം (പുറ. 9:27; ഉല്പ. 12:6; ആവ. 4:8).

ദൈവനീതിപ്രകാരം ലോകത്തിൽ നടക്കുന്ന നീതിയെ സൂചിപ്പിക്കുന്ന പദം മിഷ്പാത് (Mishpat) എന്നതാണ്. ഇവിടെ നീതി എന്നത് ഓരോന്നും ഓരോ വ്യക്തിയും മറ്റുള്ളവയുമായുള്ള ബന്ധത്തിൽ ശരിയായ സ്ഥലത്തും ബന്ധത്തിലും കഴിയുക/നിലനിൽക്കുക എന്നതാണ്. അനീതി എന്നുള്ളത് സ്ഥലം/ ബന്ധം തെറ്റിക്കഴിയുക എന്നതുമാണ്. അതുകൊണ്ട് സൃഷ്ടിയിൽ നടക്കുന്ന അനീതി, ചൂഷണം, പാപം, അരാജകത്വം എന്നിവ മാറി ബന്ധങ്ങളിൽ ക്രമവും അനുരഞ്ജനവും സ്ഥാപിക്കുകയാണ് നീതിസ്ഥാപനം. നിങ്ങൾ നീതിയെ കയ്പുള്ളതാക്കുന്നു. ന്യായത്തെ നിലത്തു വലിച്ചെറിയുന്നു (ആമോ. 5:7) നിങ്ങൾ ദരിദ്രനെ ചവിട്ടി മെതിക്കുകയും അവനിൽ നിന്ന് ഞെക്കിപ്പിഴിഞ്ഞ് ധാന്യം പിടിച്ചെടുക്കുകയും ചെയ്യുന്നു (5:11). ഇതിനു മാറ്റം ഉണ്ടാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നീതിമാനായ ദൈവം സമൂഹത്തിൽസംഭവിക്കണം എന്ന് ഇച്ഛിക്കുന്നത് ഇവിടെ വ്യക്തമാക്കുകയാണ്. ദൈവം ആഗ്രഹിക്കുന്ന നീതിയുടെ സ്വഭാവമാണ് ഇവിടെ ദർശിക്കുന്നത്. 'Mishpat is a divine action with creation that contineously drives all creative things to form , uphold and returned to created order' (De Yong, P, 23). ഇവിടെ നീതി എന്നത് ഒരു സദ്ഗുണം അല്ല. ഇടങ്ങൾ നീതിപരമാക്കുന്ന ഒരു പ്രവൃത്തിയാണ് (act). നിയമഗ്രന്ഥങ്ങളിൽ പ്രകടമായതും പ്രവചനങ്ങളിൽ പ്രതിധ്വനിക്കുന്നതും ഈ നീതിസങ്കല്പമാണ്. ഇവിടെ കണ്ണുമൂടിക്കെട്ടിയ നിയമപാലകന്റെ അപൗരുഷ

(impersonal) നീതിനിർവ്വഹണമല്ല. സമൂഹത്തിൽ അരികുവത്കരിക്കപ്പെട്ടവരുടെ വീണ്ടെടുപ്പാണ് പ്രമേയം.അന്തസ്സും അഭിമാനവും സൗഹൃദവും വീണ്ടെടുത്ത് സമൂഹത്തിൽ ഭിന്നതയും വേർതിരിവും അവസാനിപ്പിച്ച് ഓരോ വ്യക്തിക്കും മനുഷ്യാന്തസ്സോടെ കഴിയുവാൻ ജീവിതബന്ധങ്ങൾ നീതിപരമാക്കുന്നതാണ് നീതി. അതായത് ദുർബലന്റെ അവകാശസ്ഥാപനത്തിലൂടെ സമൂഹത്തിൽ നീതിപൂർവ്വമായ അനുരഞ്ജനം പുനഃസ്ഥാപിക്കപ്പെടുന്ന നീതിപാലനം (സദൃശ്യവാക്യ. 31:8-9; സങ്കീ. 33:5). ഇവിടെ നടക്കുന്നത് ദൈവത്തിന്റെ ഭരണമാണ്. വ്യക്തിയും സമൂഹവും ഇതിൻപ്രകാരം ജീവിക്കുമ്പോൾ ദൈവികനീതി ലോകത്തിൽ സ്ഥാപിക്കപ്പെടുകയും ദൈവത്തിന്റെ നീതിസ്ഥാപനപദ്ധതിയിൽ പങ്കുചേരുകയുമാണ്. അതുവഴി നീതിപൂർവ്വമായ ക്രമത്തിന്റെ വീണ്ടെടുപ്പു നടക്കുന്നു. This is restorative justice. Restoration of Just relation or correct order and harmony in creation. ജൂബിലി വർഷം സംഭവിക്കുന്ന സാമ്പത്തികനിരപ്പാകൽ ഈ നീതിയുടെ വ്യക്തമായ ഉദാഹരണമാണ് (ലേവ്യ. 25: 8-13). സകലതും അതിന്റെ ശരിയായ സ്ഥലത്തും ക്രമത്തിലും പരസ്പരബന്ധത്തിലും എത്തിക്കുകയാണ് മിഷ്പാത്ത് (Mishpat) കൊണ്ടുദ്ദേശിക്കുന്നത്. മിഷ്പാത്ത് എന്നത് വ്യക്തികൾ/സമൂഹങ്ങൾ തമ്മിൽ നിലനിൽക്കേണ്ട നീതി എന്നതുപോലെ ധനവാനും ദരിദ്രനും അധികാരിയും വിധേയനും തമ്മിലുള്ള നീതിപരമായ ബന്ധമാണ് (മീഖ. 6:8). Do Justice, love, kindness and walk humbly with your Lord. കൂടാതെ മീഖാ. 3:1-2 ൽ അധികാരികളും ദുർബലവിഭാഗവും തമ്മിലുള്ള ബന്ധം ഇവിടെ ഈ പദം വഴി വ്യക്തമാക്കുന്നു . ക്രമം/ബന്ധം തെറ്റുന്നത് എവിടെയാണെങ്കിലും അത് അനീതിയാണ്. ന്യായപ്രമാണങ്ങൾ ഈ ക്രമംതെറ്റുന്നതു തടയുകയും തെറ്റിയതു തിരുത്തി പുനഃക്രമീകരിച്ച് അതിനെ പഴയ നിലയിലാക്കുകയുമാണ്. നീതി എന്നാൽ to rectify the injustices and restore the state of justice. ചുരുക്കിപ്പറഞ്ഞാൽ അനീതി മൂലം ക്രമം തെറ്റി ശിഥിലമായിപ്പോയ ജീവിതബന്ധങ്ങൾ സാമ്പത്തികധ്രുവീകരണവും സാമൂഹ്യ അകൽച്ചയും തകർച്ചയും ഉണ്ടാകാതെ തടയുന്ന നിയമങ്ങൾ വഴിയും അവ ഉണ്ടായാൽ അവയെ തിരുത്തി നീതി പുനഃസ്ഥാപിക്കുകയും ആണ് മിഷ്പാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് സെക്കുലർ ആയ നിയമവ്യവസ്ഥ വഴിയുള്ള നിയമസ്ഥാപനമല്ല. ദൈവഭരണത്തിലുള്ള നിരപ്പും ധർമ്മവാഴ്ചയും ആണ് ഇവിടെ നടക്കുന്നത്. ഇവിടെ സ്ഥാപിക്കപ്പെടുന്ന നീതി ധനികന്റെ അവകാശസംരക്ഷണമല്ല മറിച്ച് നിർധനനും വിധവയ്ക്കും അഭയാർത്ഥിക്കും നീതിപൂർവ്വം സമൂഹത്തിൽ അഭിമാനത്തോടെ ജീവിക്കുവാൻ സ്ഥാനം സൃഷ്ടിക്കുകയാണ്. Governing the community in such a way without conflict, discrimination, alienation and distruction. ദൈവനീതിയോട് സാമൂഹികജീവിതം ഉറപ്പിക്കുമ്പോൾ അതു നീതിസമൂഹമായി ഭവിക്കുകയാണ്.

നീതിയെ കുറിക്കുന്ന മറ്റൊരു പദം 'ദീൻ' എന്നതാണ് (സങ്കീ. 7:9; 11:7). ഇതിന് right judgement to individual by Judicial ruling എന്നാണ് അർത്ഥം. രണ്ടു കൂട്ടർ തർക്കവുമായി എത്തുമ്പോൾ തർക്കവിഷയത്തിൽ ന്യായപ്രമാണപ്രകാരം നീതിയായ വിധി നൽകി പ്രശ്നം അവസാനിപ്പിക്കുകയും അനുരഞ്ജനം സാദ്ധ്യമാക്കുകയും ആണ്. ഇവിടെ വിചാരണയ്ക്കാധാരം എന്നത് ന്യായപ്രമാണവും അതിന്റെ അടിസ്ഥാനത്തിലുള്ള യുക്തിഭദ്രമായ നിഗമനങ്ങളും ആണ്. മിഷ്പാത്തിന് സാമൂഹ്യതലമാണ് ഉള്ളതെങ്കിൽ 'ദീൻ' വ്യക്തിപരമായ നീതിനിർവ്വഹണമാണ്. നീതിനടപ്പാക്കലിലൂടെ നഷ്ടപരിഹാരമോ ശിക്ഷയോ നൽകി ബന്ധപുനഃസ്ഥാപനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതായത് ദൈവം മനുഷ്യനോടു പ്രകടിപ്പിക്കുന്ന സ്നേഹം, കരുണ എന്നിവ മനുഷ്യർ തമ്മിലും സൃഷ്ടിച്ച് സമൂഹത്തെ നിരപ്പിലും ക്രമത്തിലും എല്ലാവർക്കും ഇടംനൽകി അനുരഞ്ജനത്തിൽ കഴിയുവാൻ സാഹചര്യം ഒരുക്കലാണ് നീതി എന്നത്. ന്യായപ്രമാണത്തിൽ നീതിപാലനത്തിനായി നിയന്ത്രണങ്ങൾ വയ്ക്കുമ്പോഴും അവയ്ക്കുപരിയായി സമൂഹത്തിൽ പാലിക്കപ്പെടേണ്ട ദൈവനീതിയും അതുവഴിയായുള്ള അനുരഞ്ജനവും ആണ് പഴയനിയമത്തിലെ ദൈവസങ്കൽപ്പവും ന്യായപ്രമാണവും വ്യക്തമാക്കുന്നത്.

'യാസാർ' എന്ന മറ്റൊരു പദവും ദൈവികധാർമ്മികതയുടെ സ്വഭാവം വെളിപ്പെടുത്തുന്നതിന് പഴയനിയമത്തിൽ ഉപയോഗിക്കുന്നുണ്ട്. ലംബ (vetical) മായത് (ഉല്പ 37:7: പുറ. 36:20 ) തിരശ്ചീന (horrizontal) മായത് (യെശ. 26:7 ) നേരേ (straight) യുള്ളത് (യെശ. 40:3) തുല്യവിതരണം (evenly distributed) നടന്നത് (1. രാജാ. 6:35) എന്നിവയാണ് ഈ പദത്തിന്റെ ആക്ഷരികാർത്ഥം. മാറ്റമില്ലാത്തത്, വിശ്വസനീയം, ഋജുവായത് എന്നീ അർത്ഥത്തിൽ ദൈവികധാർമ്മികതയെ വിശേഷിപ്പിക്കുന്ന വാക്കാണിത് (സങ്കീ. 25:8; ആവ. 3:24). ദൈവത്തിന്റെ ഈ ധാർമ്മിക സ്വഭാവം ഇസ്രായേൽജനം തങ്ങളുടെ ദൈവബന്ധത്തിൽ തിരിച്ച

റിഞ്ഞ കാര്യമാണ് (സങ്കീ. 11:7; 25:8; 33:4). ദൈവത്തിന്റെ പ്രവൃത്തിയും ഇടപെടലും പോലെ വചനവും നേരുള്ളതാണ് (ഹോശ. 14:9, 6). ദൈവികപ്രമാണങ്ങളുടെ സ്വഭാവവും ഇതുതന്നെ (1. രാജാ. 3:6 ; 4:9: 2. രാജാ. 22:2). കാപട്യവും വക്രതയും ഇല്ലാത്ത നേരും വിശ്വസ്തതയും ഉള്ളതാണ് ദൈവസ്വഭാവം, ഇടപെടൽ, ദൈവപ്രമാണങ്ങൾ എന്നിവ എന്നു സൂചന. ഈ എബ്രായപദത്തെ 'upright' എന്നാണ് ഇംഗ്ലീഷിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത്. ഇത് പ്രവാചകന്മാരുടെയും ദൈവജനത്തിന്റെയും സ്വഭാവമെന്ന് വേദസാക്ഷ്യം (യെശ. 26:7; 40:3-4; യിര. 3:19; ഇയ്യോബ് 1:1,1:8; സദൃശ്യ 3:3, 20; 21:8; 28:10; നെഹ. 3:9; സങ്കീ. 25:8: ഹോശ. 14:9). 'സെദക്ക്' എന്ന പദത്തോടുചേർന്നാണ് ഈ പദം പ്രത്യക്ഷപ്പെടുന്നത്. മനസ്സിന്റെ നേര്, നടപടികളുടെ ആർജ്ജവം എന്നീ സൂചനകൾ ധാർമ്മികത എന്നതിന് അർത്ഥവ്യാപ്തിയും വൈപുല്യവും നൽകുന്നു. ഗ്രീക്ക് വേദപുസ്തകവിവർത്തനത്തിൽ പ്രീതികരം (arestos), നീതിപരം (dikaios), നേരുള്ളത് (enthus) എന്നിങ്ങനെ ഈ പദം തർജ്ജമ ചെയ്തിരിക്കുന്നു. പഴയനിയമധാർമ്മികതയ്ക്ക് ഈ പദം അർത്ഥ പുഷ്ടി നൽകുന്നു എന്നത് വ്യക്തമാണ്.

എട്ടാം നൂറ്റാണ്ടിൽ സാമാന്യം സമൃദ്ധിയും രാജ്യാതിർത്തിയുടെ വ്യാപനവും നടന്ന കാലത്താണ് പ്രവാചകന്മാർ പ്രവചിക്കുന്നത്. ദരിദ്രൻ അവഗണിക്കപ്പെടുന്നതാണ് അതിനു കാരണം. ധനികനു ലഭിച്ച സമൃദ്ധിയും മത ദേശീയബോധവും ശക്തമായ വിമർശനത്തിനു വിധേയമാക്കുകയാണ്. നീതിപ്രവർത്തിക്കുന്നതാണ് ശരിയായ മതത്തിന്റെയും ദൈവാരാധനയുടെയും വേദശാസ്ത്രത്തിന്റെയും അടിസ്ഥാനമാനദണ്ഡമായി കാണുന്നത്. ജീവിതത്തിൽ നീതിയില്ല എങ്കിൽ അവിടെ മതവും ആരാധനയും വേദശാസ്ത്രവും എല്ലാം കാപട്യമാണ്. അതിനുപകരം നടക്കേണ്ടത് നീതി കുത്തിഒഴുകുന്ന ജലം പോലെയും ന്യായം ഒഴുക്കു നിലയ്ക്കാത്ത അരുവിപോലെ പ്രവഹിക്കയും അത്രേ (ആമോ. 5:24). ഇതാണ് സമൂഹത്തിൽ നടക്കേണ്ട ആദ്ധ്യാത്മികതയും മതജീവിതവും. ഇതുതന്നെയാണ് ന്യായപ്രമാണത്തിലെ ദർശനവും പ്രവചനഗ്രന്ഥങ്ങളിലെ പ്രമേയവും.

പഴയനിയമനീതിചിന്തയുടെ ആധാരവും മാനദണ്ഡവും നിലവാരവും സ്വഭാവവും നിർണ്ണയിക്കുന്നത് ദൈവത്തിന്റെ പ്രകൃതവും അതു വെളിപ്പെടുത്തുന്ന ന്യായപ്രമാണവും അതിനെ ഉയർത്തിപ്പിടിക്കുന്ന ബി.സി. എട്ടാം നൂറ്റാണ്ടിലെ പ്രവാചകഗ്രന്ഥങ്ങളുമാണ്. സമ്പുഷ്ടമായ നീതിസങ്കല്പത്തെ വിശദീകരിക്കുന്നതിനാണ് സെദക്ക്, മിഷ്പാത്ത്, ദീൻ, യാസാർ എന്നീ പദങ്ങൾ. വളരെ അർത്ഥവത്തായ ഈ ധാർമ്മിക വിചാരത്തെ സെക്കുലറൈസ് ചെയ്യുമ്പോൾ അതിന്റെ സമ്പുഷ്ടി (richness) നഷ്ടമാവുകയും തെറ്റിദ്ധാരണകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അതാണ് ഇപ്പോൾ നടക്കുന്നത്. യഥാർത്ഥത്തിൽ ഈ നീതിവിചാരത്തിന്റെ നിഷേധവും തിരുത്തും അല്ല പ്രത്യുത അതിന്റെ radicalization തന്നെയാണ് സുവിശേഷത്തിൽ നടക്കുന്നത് എന്നത് തുടർപഠനങ്ങളിൽ വ്യക്തമാകും.

എന്നാൽ ദൈവം ചില സാഹചര്യങ്ങളിൽ അനുവദിക്കുന്ന ശിക്ഷകൾ, സമൂഹനിഗ്രഹം എന്നിവയുടെ ധാർമ്മികത വിധിക്കുവാൻ നമുക്കാവില്ല. പഴയനിയമം പ്രതിനിധീകരിക്കുന്ന ധർമ്മശാസനം ധാർമ്മികാടിസ്ഥാനത്തിൽ ഉള്ളതാണ്. എന്നാൽ ദൈവം അനുവദിക്കുന്ന ശിക്ഷകൾ വിചാരണചെയ്യുന്നത് മനുഷ്യന്റെ കഴിവിനപ്പുറമാകുന്നു. പഴയനിയമത്തിൽ പാപത്തെ സാംക്രമിക സ്വഭാവമുള്ളതായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. സാംക്രമികരോഗികളെ രോഗംപടരാതെ പൊതുസമൂഹത്തിൽ നിന്നും ഒഴിവാക്കി ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് സമാനമായിട്ടായിരുന്നു സാമൂഹ്യനീതിയെ കളങ്കപ്പെടുത്തിയവരെയും അതു ചെയ്യുന്ന വ്യക്തികളെയും സമൂഹങ്ങളെയും ദൈവം നിർമ്മാർജ്ജനം ചെയ്യുന്നത്. ദൈവത്തിലും ദൈവികപ്രമാണങ്ങളിലും പ്രകടമാകുന്ന പഴയനിയമനീതിയാണ് മനുഷ്യ-സാമൂഹ്യ ബന്ധങ്ങളുടെ മാനദണ്ഡമായി കണക്കാക്കേണ്ടത്.

അതുപോലെ പഴയനിയമത്തിൽ വ്യക്തമാക്കുന്ന നീതി പ്രതികാരനീതിയല്ല. അത് എല്ലാവരെയും ഒരുപോലെ കാണുന്ന തുല്യനീതിയുമല്ല. അരികുവത്ക്കരിക്കപ്പെടുന്നവരെ വീണ്ടെടുക്കുന്ന, നഷ്ടപ്പെടുന്നവർക്ക് പരിഹാരം നൽകുന്ന, അടിപ്പെട്ടവരെ അന്തസ്സോടെ ജീവിക്കുവാൻ പ്രാപ്തരാക്കുന്ന, സ്നേഹവും ദയയും കരുതലും പ്രതിഫലിക്കുന്ന ക്രിസ്തുവിൽവെളിപ്പെട്ട നീതിയാണ്. ഇത് കൃപ (grace) തന്നെയായി മനസ്സിലാക്കണം. ഈ നീതിയാണ് ആമോസും മറ്റു പ്രവാചകന്മാരും അവതരിപ്പിക്കുന്നത്. ഇതിനോടനുബന്ധമായി പുതിയനിയമത്തിന്റെ ധാർമ്മികവിചാരവും പഠിച്ചാലേ ഈ വിഷയം സംബന്ധിച്ച് വ്യക്തതയും അവ തമ്മിലുള്ള സാദൃശ്യവും വ്യക്തമാവുകയുള്ളൂ.

*(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

പ്രതികരണം

# വന്യമൃഗങ്ങൾ കാടിറങ്ങുമ്പോൾ

**ഡോ. എം. പി. മത്തായി**

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെടുന്നത് നമ്മുടെ നാട്ടിലെ ഗുരുതരമായ ഒരു പ്രശ്നമായി മാറിയിരിക്കുന്നു. പശ്ചിമഘട്ട വനമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ നേരിട്ടുള്ള ഇരകൾ എങ്കിലും നാടിനെ മുഴുവൻ ബാധിക്കുന്ന ഒരു മാനുഷിക-രാഷ്ട്രീയ പ്രശ്നമായി അത് വളർന്നിരിക്കുന്നു. പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിൽ അമ്പേ പരാജയപ്പെട്ട സർക്കാർ ഗത്യന്തരമില്ലാതായപ്പോൾ വന്യജീവി ആക്രമണങ്ങളെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച് ജനരോഷം ശമിപ്പിക്കാൻ ശ്രമിക്കുന്ന വിചിത്രമായ കാഴ്ചയാണ് നാം കാണുന്നത്.

ജൈവവൈവിധ്യക്കലവറയാണ് പശ്ചിമഘട്ട പർവ്വതനിരകൾ. അതുകൊണ്ട് യുനെസ്കോ -UNESCO- പശ്ചിമഘട്ടത്തെ ലോക പൈതൃക സ്ഥാനമായി -World Heritage Site- പ്രഖ്യാപിച്ചിട്ടുണ്ട്. നമുക്കെല്ലാം അറിയാവുന്നതുപോലെ, പശ്ചിമഘട്ട വനമേഖലയോട് ചേർന്നുള്ള ഒട്ടനവധി പ്രദേശങ്ങൾ കുടിയേറ്റത്തിന്റെയും കയ്യേറ്റത്തിന്റെയും ഫലമായി ജനവാസകേന്ദ്രമായി മാറി. പതിറ്റാണ്ടുകളായി ഈ പ്രദേശങ്ങൾ ജനവാസ മേഖലയാണ്. എന്നാൽ ഈ കാലയളവിൽ ഒന്നും അനുഭവപ്പെടാത്ത വിധം ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി വന്യജീവികൾ കാടുവിട്ടിറങ്ങി നാട്ടിൻപുറങ്ങളിലെ കൃഷി നശിപ്പിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്തുവരുന്നു. മലയോര മേഖലയിൽ താമസിക്കുന്നവർ മാത്രമല്ല, വനമേഖലയിലെ പാതകളിൽ സഞ്ചരിക്കേണ്ടിവരുന്നവരും ഏതു നിമിഷവും വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകും എന്ന ഭീതിജനകമായ സ്ഥിതിയാണുള്ളത്. മനുഷ്യർ ഏറ്റവും സുരക്ഷിത സ്ഥാനമായി കരുതിയിരുന്ന വീടും തൊടിയും കൃഷിയിടവും മലയോരവാസികൾക്ക് അപകടമേഖലയായി തീർന്നിരിക്കുന്നു.

**വസ്തുതകൾ മറയ്ക്കുന്ന കണക്കുകൾ:**

കേരളത്തിലെ വന്യജീവി ആക്രമണത്തിന്റെ പരസ്പരം പൊരുത്തപ്പെടാത്ത കണക്കുകൾ പൊതു മണ്ഡലത്തിൽ ലഭ്യമാണ്. അവയിൽ ചിലത് സൂചിപ്പിക്കാം. കേരളത്തിന്റെ വനം വകുപ്പ് മന്ത്രി 2023 ൽ നിയമസഭയിൽ പറഞ്ഞത് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കേരളത്തിൽ വന്യമൃഗാക്രമണത്തിൽ 637 പേർ കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ്. അതേസമയം 2016 നുശേഷം 2023 വരെ വന്യമൃഗാക്രമണത്തിൽ 909 പേർ കൊല്ലപ്പെട്ടു എന്നാണ് പ്രതിപക്ഷ നേതാവ് അവകാശപ്പെട്ടത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ വന്യജീവി ആക്രമണത്തിന്റെ കണക്കുകളുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ കേരളത്തിൽ 2023-2024 വർഷം കൊല്ലപ്പെട്ടവരുടെ സംഖ്യ കുറഞ്ഞുവരുന്നതായാണ് വ്യക്തമാകുന്നത് എന്നാണ് കേരള വനം വകുപ്പിന്റെ അവകാശവാദം. സർക്കാരുകൾ പുറത്തുവിടുന്ന കണക്കുകളുടെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്ന ഇന്നത്തെ അവസ്ഥയിൽ നമുക്ക് ഔദ്യോഗിക കണക്കുകളെ ആശ്രയിക്കാൻ ആവില്ല. അതുകൊണ്ട് കണക്കുപുസ്തകങ്ങൾ മടക്കിവെച്ച് നമുക്ക് പ്രശ്നത്തിന്റെ ഇതരവശങ്ങൾ പരിശോധിക്കാം.

**വന്യജീവികൾ എന്തുകൊണ്ട് കാടുവിട്ടിറങ്ങുന്നു:**

കാട്-വനം-സ്വാഭാവിക ആവാസ വ്യവസ്ഥയായിട്ടുള്ള ജീവികളാണ് വന്യജീവികൾ. സ്വാഭാവികമായും കാട്ടിൽ തന്നെ ജീവിക്കാനാണ് അവ ഇഷ്ടപ്പെടുന്നത്. (ദേശാടനവാസന -migratory instict- ഉള്ള വന്യജീവികൾ വളരെ വളരെ കുറവാണ്) അവയുടെ സ്വാഭാവിക ആവാസകേന്ദ്രമായ കാടുകളിൽ കുടിവെള്ളവും ഭക്ഷണവും വിശ്രമസ്ഥലങ്ങളും ലഭ്യമാണെങ്കിൽ അവയൊന്നും കാടുവിട്ടിറങ്ങില്ല. കാട്ടിൽ കുടിവെള്ളവും ഭക്ഷണവും കിട്ടാതെ വരുമ്പോഴാണ് അവ തേടി വന്യജീവികൾ വനത്തോടു ചേർന്നുള്ള പ്രദേശങ്ങളിലേക്ക് നീങ്ങുന്നത്. അല്ലാതെ, നാട്ടിൻപുറങ്ങളുടെ സൗന്ദര്യം ആസ്വദിക്കാനോ, മനുഷ്യരോട് പകതീർക്കാനോ അല്ല എന്ന് നാം തിരിച്ചറിയണം.

**കാടുകൾ തകരുന്നത് എങ്ങനെ?**

'വനംകൊള്ള' എന്ന് അറിയപ്പെടുന്ന വനത്തിലെ വൻമരങ്ങൾ വൻതോതിൽ വെട്ടിയിറക്കപ്പെടുന്നതാണ് വനനശീകരണത്തിന്റെ പ്രധാന കാരണം എന്നാണ് പൊതുധാരണ. ഇത് ശരിയാണെങ്കിലും ഭാഗികമായ ശരിയാണ് എന്നതാണ് വസ്തുത. വൃക്ഷക്കൊള്ളക്കാരോടൊപ്പം വനംവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മറ്റു പലരു

ടെയും ഇടപെടലുകൾ ഇതിന് പിന്നിലുണ്ട്. അങ്ങനെയാണ് വനങ്ങളുടെ സ്വാഭാവികത നശിച്ച് വനം വന്യജീവികൾക്ക് ആവാസയോഗ്യമല്ലാതായിത്തീരുന്നത്. ചില ഉദാഹരണങ്ങളെ ചൂണ്ടിക്കാട്ടാം.

വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ മുഖ്യ ശത്രു ഇപ്പോൾ കാട്ടാനകൾ ആണല്ലോ. കാട്ടാനകൾ കാടിറങ്ങുന്നത് എന്തുകൊണ്ടാണ്? ആനകളുടെ മുഖ്യാഹാരം -staple food- ഈറ്റ, മുള, മറ്റിനം പുല്ലുകൾ എന്നിവയാണ്. ചിലയിനം പഴങ്ങളും ചില വൃക്ഷങ്ങളുടെ തോലും അവയുടെ ഇഷ്ട ആഹാരങ്ങളാണ്. വ്യാവസായിക ആവശ്യത്തിനുവേണ്ടി സർക്കാർ അനുമതിയോടെ കാട്ടിലെ ഈറ്റയും മുളയും വൻതോതിൽ വെട്ടിയിറക്കി. വനത്തിൽ നിന്നും അവ മിക്കവാറും അപ്രത്യക്ഷമായി എന്നു പറയാം. അങ്ങനെ കാട്ടിൽ ഭക്ഷണം കിട്ടാതെ വന്നപ്പോൾ ഭക്ഷണം തേടി ആനകൾ കാടുവിട്ടിറങ്ങി നാട്ടിൻപുറങ്ങളിൽ വ്യാപരിക്കാൻ തുടങ്ങി.

കാടുകൾ നശിക്കാനും മൃഗങ്ങൾ കാടുവിട്ടിറങ്ങാനും മറ്റൊരു കാരണം കാട്ടിൽ വനംവകുപ്പ് നടത്തിയ കൃഷികളാണ്. സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് അവിടെയും പുൽമേടുകളിലും അവർ ഏകവിളത്തോട്ടങ്ങൾ പിടിപ്പിച്ചു. ഏകവിളത്തോട്ടങ്ങളിലെ മുഖ്യ ഇനങ്ങൾ തേക്കും യൂക്കാലിയും ഇതുകൂടാതെ വനത്തിന് വർണ്ണഭംഗി നൽകാനായി അക്കേഷ്യയും സെന്നയും നട്ടുവളർത്തി. ആക്രാമകമായി പടർന്നു കയറുന്ന ജനസുകളിൽപ്പെട്ട സസ്യങ്ങളാണ് അക്കേഷ്യയും സെന്നയും. അവ വന്യമായി വളർന്നു കയറി നമ്മുടെ വനങ്ങളിലെ സ്വാഭാവിക ആവാസവ്യവസ്ഥയെ നശിപ്പിച്ചു. ഭസ്മാസുരന് വരം കൊടുത്തതുപോലെ യായി ഈ സസ്യങ്ങൾ വെച്ചുപിടിപ്പിച്ചത്. അപകടം തിരിച്ചറിഞ്ഞ വനം വകുപ്പ് കിണഞ്ഞ് പരിശ്രമിച്ചിട്ടും ഈ ക്ഷുദ്ര സസ്യങ്ങൾ പടരുന്നത് നിയന്ത്രിക്കാൻ പോലും ആയില്ല. ഏകവിളത്തോട്ടങ്ങളിലെ തേക്കും യൂക്കാലിയും അടിക്കാടുകൾ നശിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ ആനയും കാട്ടുപോത്തും പോലുള്ള വലിയ മൃഗങ്ങളും മറ്റ് ചെറുമൃഗങ്ങളും ഭക്ഷണം തേടി കാടുവിട്ട് നാട്ടിൻപുറങ്ങളിലേക്ക് ഇറങ്ങേണ്ടി വന്നു. ഭക്ഷണം ഇല്ലാതായതോടെ ചെറുമൃഗങ്ങളുടെ എണ്ണം കുറയാൻ തുടങ്ങി. അവശേഷിച്ചവ ഭക്ഷണം കിട്ടുന്ന ഇടങ്ങളിലേക്ക് പാർപ്പിടം മാറ്റുകയും ചെയ്തു. അതോടെ ചെറുമൃഗങ്ങളെ ആഹരിച്ചിരുന്ന കടുവ, പുലി തുടങ്ങിയ മാംസ ഭുക്കുകൾ ആഹാരം തേടി വളർത്തുമൃഗങ്ങൾ സുലഭമായ നാട്ടിൻ പുറങ്ങളിലേക്ക് ഇറങ്ങി അവയെ കൊന്നു തിന്നാൻ തുടങ്ങി. മൃഗങ്ങളെ മാത്രമല്ല മനുഷ്യരെയും അവ ഇരകളാക്കി. ചുരുക്കത്തിൽ വനങ്ങളുടെയും പുൽമേടുകളുടെയും നശീകരണം ആണ് വന്യമൃഗങ്ങൾ കാടുവിട്ട് നാട്ടിൻപുറങ്ങളിൽ ഇറങ്ങുന്നതിന് അവയെ നിർബന്ധിക്കുന്നത്.

**പരിഹാരമാർഗ്ഗങ്ങൾ തേടുമ്പോൾ**

ഇതിനോടകം അനേകരുടെ ജീവനെടുക്കുകയും മറ്റു നാശനഷ്ടങ്ങൾ വരുത്തിവയ്ക്കുകയും ചെയ്ത വന്യമൃഗഭീഷണി എങ്ങനെ ഫലപ്രദമായി പരിഹരിക്കാം എന്നതിനെ സംബന്ധിച്ച് പരസ്പര വിരുദ്ധമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പ്രതിജ്ഞാബദ്ധരായ സംസ്ഥാന സർക്കാർ ഈ പ്രശ്നത്തിൽ കുറ്റകരമായ അനാസ്ഥയാണ് പാലിക്കുന്നത് എന്ന ആക്ഷേപം വ്യാപകമാണ്. അക്രമകാരികളായ മൃഗങ്ങളെ വെടിവെച്ച് കൊല്ലുക തന്നെ വേണം എന്ന പക്ഷക്കാരാണ് ഇരകളിൽ ഭൂരിപക്ഷവും. ജനങ്ങളുടെ ഈ ആവശ്യം ന്യായമാണെന്നും എന്നാൽ അപ്രകാരം ചെയ്യുന്നതിൽ നിന്ന് സംസ്ഥാന സർക്കാരിനെ തടയുന്നത് കേന്ദ്രഗവൺമെന്റിന്റെ ജനവിരുദ്ധവും മൃഗപക്ഷപാദപരവുമായ 1972 ലെ വന്യജീവി സംരക്ഷണനിയമം ആണെന്നും അതുകൊണ്ട് ജനങ്ങൾ കേന്ദ്രത്തോടാണ് സമരം ചെയ്യേ ണ്ടത് എന്നുമാണ് കേരള സർക്കാരും അവരുടെ വക്താക്കളും പ്രച രിപ്പിക്കുന്ന നാരേറ്റീവ്. കേരള സർക്കാരിന്റെ നിലപാട് അടിസ്ഥാനരഹിതവും രാഷ്ട്രീയ പ്രേരിതവും ആണെന്നും 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)a ഉപവകുപ്പ് പ്രകാരം മനുഷ്യജീവന് അപകടകാരികളായ മൃഗങ്ങളെ കൊല്ലുന്നതിന് അനുവാദം ഉണ്ടെന്നും ഇരകളുടെ വക്താക്കൾ ചൂണ്ടിക്കാട്ടുന്നു. മനുഷ്യജീവൻ സംരക്ഷിക്കുന്ന തിന് പ്രഥമ പരിഗണന നൽകണം എന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണം എന്നും ഇതുമായി പൊരുത്തപ്പെടാത്ത ഏതു നിയമവും ഭരണഘടന വിരുദ്ധമാണെന്നും അതുകൊണ്ട് മനുഷ്യജീവന് ഭീഷണി ഉണർത്തുന്ന വന്യജീവികളെ നശിപ്പിക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ല എന്നുമുള്ള സമീപനത്തിനാണ് വിവാദത്തിനിടയിൽ ഭൂരിപക്ഷ സമ്മതി ലഭിക്കുന്നതായി കാണുന്നത്. ഇത് കേവലം മനുഷ്യകേന്ദ്രീകൃതവും വിഭാഗീയവുമാണ് എന്ന് നാം തിരിച്ചറിയണം. ജീവജാലങ്ങൾക്കും ഈ മഹാപ്രപഞ്ച സംവിധാനത്തിൽ അവരവരുടേതായ സ്ഥാനവും പങ്കും ഉണ്ടെന്നും അങ്ങനെയാണ് ഈ പ്രപഞ്ചം സംവിധാനം

ചെയ്യപ്പെട്ടിരിക്കുന്നത് എന്നും വിസ്മരിക്കരുത്. വനങ്ങളും വന്യ ജീവികളും ഇല്ലാതെ മനുഷ്യ ജീവിതം അസാധ്യമാണ് എന്ന സത്യം വന്യമൃഗ ഭീഷണി സൃഷ്ടിക്കുന്ന ഭീതിയിൽ നാം കൈവിടരുത്. അങ്ങനെ ചെയ്യുന്നത് ആത്മഹത്യാപരം മാത്രമല്ല വംശാഹത്യപരം കൂടിയായിരിക്കും എന്നും നാം തിരിച്ചറിയണം.

ഒരു കാര്യം വ്യക്തമാണ്; ഗുരുതരമാണ് പ്രശ്നം; പരിഹാരം സങ്കീർണവും. ഹൃസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള പരിഹാരനടപടികൾ ഉണ്ടാകണം. ഭീഷണി നേരിടുന്നവരുടെ സംരക്ഷണത്തിനും ആശ്വാസത്തിനും അടിയന്തരമായി ആവശ്യമായ സംരക്ഷണ വേലികൾ, നിരീക്ഷണ ക്യാമറകൾ, ജാഗ്രത സേനകളുടെ കാവൽ, മുന്നറിയിപ്പിനുള്ള സംവിധാനം, ന്യായവും കാല താമസമില്ലാത്തതുമായ നഷ്ടപരിഹാരം തുടങ്ങിയ നടപടികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം.

എന്നാൽ വന്യമൃഗ ഭീഷണി 'ശാശ്വതമായി' പരിഹരിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം കാടുകളെ അവയുടെ സ്വാഭാവിക അവസ്ഥയിൽ എത്തിക്കുകയാണ്. ഇതിന് ഒരു സംയുക്ത യജ്ഞം തന്നെ വേണ്ടിവരും. വനങ്ങളുടെ ഹൃദയത്തുടിപ്പറിയുന്ന വനവാസികളും വനമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളും രാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളും യോജിച്ച് ദൗത്യബോധത്തോടെ പ്രവർത്തിച്ചാൽ ഈ യജ്ഞം സഫലമാക്കാൻ കഴിയുമെന്ന് ഉറപ്പാണ്. നമുക്ക് അതിനുള്ള സന്മനസ്സ് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം... ആശംസിക്കാം.

## കൂത്താട്ടുകുളം ബൈബിൾ കൺവൻഷൻ സമാപിച്ചു

കൂത്താട്ടുകുളം മേഖലയിൽ ഉള്ള ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വലിയ നോമ്പിനോട് അനുബന്ധിച്ച് നടത്തിവരുന്ന 75-ാമത്തെ കൂത്താട്ടുകുളം ബൈബിൾ കൺവൻഷൻ സമാപിച്ചു. വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ കൂത്താട്ടുകുളം ടൗൺ ചാപ്പലിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിലാണ് യോഗം നടന്നത്. കണ്ടനാട് ഭദ്രാസനത്തിലെ 8 ദേവാലയങ്ങളും രണ്ട് ചാപ്പലുകളും പ്രദേശത്തുണ്ട്. ഈ ദേവാലയങ്ങളുടെയെല്ലാം സജീവ സഹകരണത്താലാണ് ഈ വർഷത്തെ കൺവൻഷൻ യോഗം നടത്തപ്പെട്ടത്. മാർച്ച് 6-ാം തീയതി ബുധനാഴ്ച ആരംഭിച്ച സുവിശേഷയോഗം കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ഓരോ ദിവസത്തെയും യോഗങ്ങൾക്ക് ഫാ. ഏലിയാസ് ചെറുകാട്ട്, ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ സേവേറിയോസ് തിരുമേനി, ഫാ. എബി ഫിലിപ്പ്, ഫാ. അലക്സ് ജോൺ, ശ്രീമതി മെർലിൻ ടി. മാത്യു എന്നിവർ നേതൃത്വം നൽകി. ഈ വർഷത്തെ കൺവൻഷൻ യോഗത്തിന് വിപുലമായ ക്രമീകരണമാണ് ചെയ്തിരുന്നത്. വടകര സെന്റ് ജോൺസ് പള്ളി വികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം പ്രസിഡന്റായും കോഴിപ്പിള്ളി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി വികാരി ഫാ. ഗീവർഗീസ് വള്ളിക്കാട്ടിൽ കൺവീനറായും ശ്രീ. രാജു കുരുവിള ജോയിന്റ് കൺവീനറായും ശ്രീ. സ്കറിയ ഇടപ്പുതുശ്ശേരിൽ സെക്രട്ടറിയായും പ്രവർത്തിക്കുന്ന കോർ കമ്മിറ്റിയും 75 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഈ വർഷത്തെ കൺവൻഷന് നേതൃത്വം നൽകിയത്.

## മാർത്തോമൻ സ്മൃതി സംഗമം നടന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ വച്ച് 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച മാർത്തോമൻ സ്മൃതി സംഗമം നടത്തപ്പെട്ടു. അന്നേദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയം ബസേലിയോസ് കോളേജ് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര നെഹ്റു സ്റ്റേഡിയത്തിൽ എത്തിച്ചേർന്നപ്പോൾ സമ്മേളന നടപടികൾ ആരംഭിച്ചു. വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ 1950-ാം രക്തസാക്ഷിത്വ വർഷാചരണവും പരിശുദ്ധ വട്ടശ്ശേരിയിൽ തിരുമേനിയുടെ ചരമനവതിയും മലങ്കര സഭാഭരണഘടനയുടെ നവതി ആഘോഷവുമാണ് സംയുക്തമായി ആഘോഷിക്കപ്പെട്ടത്. പരിശുദ്ധ കാതോലിക്കാ ബാവയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ, ഗോവാ ഗവർണർ ശ്രീ. പി. എസ്. ശ്രീധരൻപിള്ള എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. റഷ്യൻ, എത്യോപ്യൻ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിവിധ ദേവാലയങ്ങളിൽ നിന്നായി വിശ്വാസി സമൂഹം യോഗത്തിൽ പങ്കാളികളായി.

# സൗഖ്യം വിലക്കുന്ന സഭയും പാരമ്പര്യവും

## വി. ലൂക്കോസ് 13:10-17

ഫാ. സിബി മാത്യു വർഗീസ്

പതിനെട്ടു വർഷമായി അവൾ നേരേ ചൊവ്വെ നിവർന്നു നിന്നിട്ട്. ആരുടെയെങ്കിലും മുഖത്ത് നോക്കി സംസാരിച്ചിട്ട്. എന്തിനേറെ, ആകാശം കണ്ടിട്ട് കാലമേറെയായി. കൂനിന്റെ അവസ്ഥ സാക്ഷ്യപ്പെടുത്തുന്നത് ലൂക്കോസ് വൈദ്യനാണ്. അതുകൊണ്ട് തന്നെ വാക്കുകളിലെ ഭീകരത അവരുടെ ആകാരത്തിലും ഉണ്ടായിരിക്കണം. സിനഗോഗിലാണ് സംഭവം നടക്കുന്നത്. കൃത്യമായ സ്ഥലം രേഖപ്പെടുത്തുന്നില്ലെങ്കിലും ഗലീലയാണെന്ന് ചില ഊഹാപോഹങ്ങളുണ്ട്. എന്തായാലും സിനഗോഗിൽ കർത്താവ് പഠിപ്പിക്കുകയാണ്. സ്ത്രീകൾക്ക് ഇരിക്കാൻ പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലത്ത് ശരീരം 'റ' പോലെ വളഞ്ഞ ഒരു സ്ത്രീയെ അവൻ കണ്ടു. അവൾ ഒരുപക്ഷെ അവന്റെ ശബ്ദം മാത്രമായിരിക്കും കേട്ടത്. നേരെ നോക്കി കാണാൻ കഴിയാത്ത ദുരവസ്ഥ. അവൾ അവനോട് സൗഖ്യത്തിനായി യാചിക്കുന്നതായി വായിക്കുന്നില്ല. യേശുവാണ് അവളെ വിളിക്കുന്നത്. പുരുഷാധിപത്യമുള്ള സഭയിൽ മുൻനിരയിലേക്ക് ഒരു സ്ത്രീയെ ക്ഷണിക്കുകയാണ്. അതും ദുരാത്മാവിന്റെ പീഡയാൽ കൂനിയായ സ്ത്രീയെ. കൂന് പിന്നേം സഹിക്കാം, ദുരാത്മാവ് ബാധിക്കുകയെന്നാൽ ശപിക്കപ്പെട്ട അവസ്ഥയാണ്.

അവളെ അടുത്തു വിളിച്ചിട്ട്, രോഗബന്ധനത്തിൽ നിന്നും മോചിതയായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് യേശു അവളെ തൊട്ടു. തൽക്ഷണം അവൾ നിവർന്നുനിന്നു ദൈവത്തെ ആരാധിച്ചു. തൂണിന്റെ മറവിലും മാവിന്റെ ചുവട്ടിലും വരാന്തയിലും കൂനി പിടിച്ചു നിന്ന് എത്രയോ ആരാധനയിൽ പങ്കെടുത്തു. ഒരിക്കലെങ്കിലും നിവർന്നു നിന്ന് ആരാധിക്കാൻ കൊതിവരുന്നില്ലേ? എപ്പോഴാണ് ഒരാൾ നിവർന്നു നിൽക്കുക. റോഡിൽകൂടി കാറിൽ പോകുമ്പോൾ കൈ കാട്ടുന്ന പോലീസുകാരന്റെ മുൻപിൽ എപ്പോഴാണ് നിവർന്നു നിൽക്കുന്നത്. എല്ലാ രേഖകളും കൃത്യമായി കൈവശമുള്ളപ്പോൾ അഥവാ നമ്മുടെ ഭാഗത്ത് പൂർണ്ണമായും ശരി ഉണ്ടാകുമ്പോൾ. തെറ്റുണ്ടെങ്കിൽ നമ്മുടെ ശരീരഭാഷയിൽ മാറ്റമുണ്ടാവില്ലേ. ഇത്തിരി കൂനി, നട്ടെല്ല് വളച്ചു നമ്മൾ അപേക്ഷിക്കാൻ തുടങ്ങും. നോമ്പു കാലത്ത് കുമ്പസാരിക്കാൻ ആവശ്യപ്പെടുന്നത് പൊതുയോഗ പങ്കാളിത്തം ഉറപ്പിക്കാനല്ല, മറിച്ച് ഒരു ദിവസമെങ്കിലും എല്ലാ ദുരാത്മാക്കളുടെയും ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു നിവർന്നുനിന്ന് ആരാധിക്കാനാണ്.

'കൂനുണ്ടായിരുന്നിട്ടും സ്ഥിരമായി അവൾ പള്ളിയിൽ പോയിരുന്നു, അതുകൊണ്ടാണ് അവൾക്ക് സൗഖ്യം ലഭിച്ചത്' എന്നൊക്കെ ഒരു വ്യാഖ്യാനം കാലാകാലങ്ങളായി നാം കേൾക്കുന്നുണ്ട്. അങ്ങനെയെങ്കിലും പള്ളിയിൽ വരട്ടെയെന്നു കരുതി പറയുന്നതാണ്. എല്ലാ ആഴ്ചയിലും അവൾ പള്ളിയിൽ പോയിരുന്നതായൊന്നും വേദം പറയുന്നില്ല. പക്ഷേ അന്നവൾ സിനഗോഗിൽ ഉണ്ടായിരുന്നു എന്നത് പ്രസക്തമാണ്. കാരണം, അവളുടെ ശരീരസ്ഥിതി വളരെ മോശമാണ്. സകല അനാരോഗ്യവും അവഗണിച്ചുവന്നത് ദൈവവചനം കേൾക്കാനുള്ള അവളുടെ അഭിവാഞ്ജയെ വെളിവാക്കുന്നു. അവൾ ദുരാത്മാവ് ബാധിച്ചവളാണ്. കൂടാതെ ആരും പരിഹസിക്കതക്കവണ്ണമുള്ള ആകാരവും. കുഞ്ഞുങ്ങളും മറ്റുള്ളവരും അവളെ കളിയാക്കി ചിരിക്കുന്നുണ്ട്, കുറ്റപ്പെടുത്തുന്നുണ്ട്. അതിനെയും അവഗണിച്ചുകൊണ്ടാണ് അവളുടെ ഇരുപ്പ്. ദൈവവചനം കേൾക്കുന്നതിൽ നിന്നും അവളെ വിലക്കിയ സകലത്തിനെയും അതിജീവിച്ചു അവൾ സഭയിലെത്തുന്നു. കർത്താവ് അവളെ കണ്ടു, സൗഖ്യം നൽകി.

അവളെ സംബന്ധിച്ച് ഈ സൗഖ്യം കേവലം ശരീരത്തിന്റെ ആകാരഭംഗിയുടെ പുനഃസ്ഥാപനം മാത്രമല്ല, നീണ്ട പതിനെട്ടു വർഷത്തെ അവളുടെ പോരാട്ടത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്. എല്ലാത്തിലുമുപരി അവളുടെ അഭിമാനമാണ് വീണ്ടെടുത്തത്, അതും അവൾക്ക് അന്യമായിരുന്ന സഭയുടെ നടുത്തളത്തിൽവെച്ച്.

ശാബത് നാളിലാണ് ഈ സൗഖ്യദാനം നടക്കുന്നത്. സൃഷ്ടികർമ്മത്തിന്റെ ഏഴാം ദിവസം ദൈവം വിശ്രമിക്കുകയും ആ ദിവസം ശബ്ബത്തായി ആചരിക്കു

കയും ചെയ്തുപോന്നു. സൃഷ്ടിയുടെ വിവരണം അവസാനിക്കുന്നത് ദൈവം ഏഴാം ദിവസമായ ശബ്ബത്തിനെ വിശുദ്ധീകരിക്കുന്നതോടുകൂടെയാണ് (ഉല്പ. 2:3). തുടർന്ന് പഴയനിയമത്തിൽ കാലാകാലങ്ങളിൽ ശബ്ബത്തിനെക്കുറിച്ച് അനേക പരാമർശങ്ങൾ കാണുവാൻ കഴിയും. പ്രവാചകന്മാർ ശബ്ബത്തിനെ ഉന്നതമായി കരുതി. ശബ്ബത്തിനെ ജനം അശുദ്ധമാക്കിയ പാപം പ്രവാചകന്മാർ ഏറ്റുപറഞ്ഞു (യെശ. 56:2,4, 58:13, യിരെ. 17:21-27, യെഹെ. 20:12-24). മനഃപൂർവ്വം ശബ്ബത്ത് ലംഘിക്കുന്നവന് മരണശിക്ഷ പ്രഖ്യാപിച്ചിരുന്നു (സംഖ്യ. 15:32-36). ശബ്ബത്തിന് ഒരു യിസ്രായേല്യൻ തീ കത്തിക്കുവാൻ പോലും പാടില്ല. ശബ്ബത്ത് ലംഘിച്ച് തൊഴിലുകളിൽ ഏർപ്പെട്ടവർക്കെതിരെ നെഹമ്യാവ് കർശന നടപടികൾ എടുക്കുകയും അവരെ ശാസിക്കുകയും ചെയ്തു (നെഹ. 13:15-22). ഇങ്ങനെ ക്രമേണ ശാബത് സാധാരണ മനുഷ്യരുടെ മുകളിൽ കുതിര കയറുവാനുള്ള ഒരു അധികാരപത്രമായി മാറി.

കൂനിയായ സ്ത്രീക്ക് സൗഖ്യം ലഭിക്കുമ്പോൾ പള്ളിപ്രമാണി അസ്വസ്ഥനാകുന്നു. അയാൾ ജനങ്ങളോട് പറഞ്ഞു, "അധ്വാനിക്കാൻ ആറുദിവസമുണ്ടല്ലോ. ആ ദിവസങ്ങളിൽ വന്നു സൗഖ്യമായിക്കൊള്ളണം; ശബ്ബത്തുനാളിൽ അനുവദനീയമല്ല." അയാളുടെ ഉള്ളിലെ അടങ്ങാത്ത അമർഷം വാക്കുകളിൽ വ്യക്തമാണ്. സത്യമല്ലേ അയാൾ പറഞ്ഞത്, ഒരു ദിവസം കൂടിയൊന്നു കാത്തിരുന്നു കൂടെ? ശാബത് കഴിഞ്ഞാൽ പിന്നെ ആറു ദിവസവും സൗഖ്യമാക്കാമല്ലോ. എന്തിനാണ് ഇത്ര ധൃതി? വിശ്വാസത്തെ, പാരമ്പര്യത്തെ, മതത്തെ പരിപാലിക്കുന്ന വിശ്വാസ സംരക്ഷകൻ. ചോര തരാം, നീര് തരാം വേണേൽ (മാത്രം) ജീവൻ തരാമെന്നു സധൈര്യം പ്രഖ്യാപിക്കുന്ന സഭയുടെ കാവലാളാണ് അയാൾ. ആർക്കും ഛേദമില്ലാത്ത, എന്നാൽ അത്യന്തം മാനുഷീകമായ ഒരു ക്രിയ അവിടെ നടക്കുമ്പോൾ എന്തിനാണ് ഇയാൾ ഇത്ര അസ്വസ്ഥനാകുന്നത്? നിയമ ലംഘകനായ (Law breaker) യേശു അയാൾക്ക് ഭീഷണിയാണ്. സിനഗോഗ് പുറംലോകം വീക്ഷിക്കുന്നത് നിയമത്തിന്റെ കണ്ണാടിയിലൂടെയാണ്. മനുഷ്യരേക്കാൾ നിയമങ്ങൾക്കാണ് അവിടെ വില. നിയമങ്ങളോടുള്ള അയാളുടെ പ്രമത്തത കണ്ടിട്ട് അയാളൊരു പരീശൻ ആയിരിക്കണം. ക്രിസ്തുവിന്റെ കാരുണ്യത്തിൽ ആരെങ്കിലും മോചിതരാകുന്നതിനേക്കാൾ അയാൾക്കിഷ്ടം നിയമം ഉപയോഗിച്ചു മനുഷ്യരുടെ മേൽ ചുമടു കയറ്റുന്നതാണ്. ഈ പരീശമനസ്സിനെ ക്രിസ്തു നിശിതമായി വിമർശിക്കുന്നുണ്ട്. കാലങ്ങളായി നടന്നുപോകുന്ന ഒരു ആചാരം തെറ്റിക്കുന്നതിനെതിരെയാണ് അയാളുടെ രോഷം. കർത്താവ് അയാളെ വിളിക്കുന്നത് കപടഭക്താ എന്നാണ്. പാരമ്പര്യ വിശ്വാസത്തെയും ആചാരത്തെയും സംരക്ഷിക്കാൻ ശ്രമിക്കുന്നതിലൂടെ സ്വയം ദൈവത്തെ പ്രതിനിധീകരിക്കുന്ന പള്ളിപ്രമാണി അക്ഷരാർത്ഥത്തിൽ ജനത്തെ ദൈവത്തിൽ നിന്നും അകറ്റുകയാണ്. എല്ലാ പ്രസ്ഥാനങ്ങൾക്കും അവയുടെ സുഗമമായ നടത്തിപ്പിന് ചിട്ടയായ നിയമസംഹിതകൾ ആവശ്യമാണ്. സഭകൾക്കും അത് ആവശ്യമാണ്. വിശ്വാസവും, പാരമ്പര്യവും ഉപേക്ഷിക്കുവാൻ കഴിയാത്തതുമാണ്. എന്നാൽ സഭയുടെ അടിസ്ഥാന പാരമ്പര്യവും, വിശ്വാസവും ക്രിസ്തുമനസ്സാണ്. ക്രിസ്തു മനസ്സ് നഷ്ടപ്പെട്ട പാരമ്പര്യങ്ങളും, നിയമങ്ങളും മുറുകെ പിടിക്കുന്നത് വഴി സഭ അതിന്റെ സാക്ഷ്യം നഷ്ടപ്പെടുത്തുന്നു. എല്ലാ കല്പനകളെയും തിരുത്തിക്കൊണ്ട് ഒരു 'പുതിയ കല്പന' നൽകുന്നുണ്ട്; 'അന്യോന്യം സ്നേഹിപ്പിൻ.' സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നിയമങ്ങൾ പുനഃക്രമീകരിക്കപ്പെടണം (Reorder the laws on the basis of love). നിയമങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത സഭ, കണിശക്കാരനായ പുരോഹിതൻ എന്നൊക്കെ പറയിപ്പിക്കാൻ ഒരു പ്രത്യേക വ്യഗ്രത കാണുന്നുണ്ട്. എന്താണ് സഭ എന്നൊരു അടിസ്ഥാന ബോധ്യം ഇല്ലാതാവുന്നുണ്ട്. സഭ കേവലം കെട്ടിടമോ, നിയമബന്ധിതമായ സംഘടനയോ അല്ല. കാലികമായി ക്രിസ്തുവിനെ പ്രതിഫലിപ്പിക്കേണ്ട മാധ്യമമാണ് സഭ. കാലികമായ പ്രതിഫലനം സാധ്യമാകുന്നത് കാലികമായ മാറ്റങ്ങളിലൂടെയാണ്. അതു കാലത്തിനൊത്ത കോലം കെട്ടലല്ല. നമുക്കറിയാം എവിടെയാണ് ഈ മാറ്റങ്ങൾ അനിവാര്യമെന്ന്. പക്ഷേ തീരുമാനങ്ങൾ എടുക്കേണ്ട സമതികളിലൊന്നും അങ്ങനെയൊരു ചർച്ച പോലും വരുന്നില്ല. ഒരു കാരണം ഭയമാണ്. പരമ്പരാഗതമായ ഒരു ആചാരത്തിനോ, അനുഷ്ഠാനത്തിനോ മാറ്റം കൊണ്ടുവരാൻ ഞാൻ പറഞ്ഞാൽ നാളെ എന്റെ നിലനിൽപ് എന്താകും? രണ്ടാമത്, ഈ മാറ്റങ്ങൾ എന്റെ തന്നെ സ്വൈര്യവിഹാരത്തിനു തടസ്സമാകുമോ എന്ന ആശങ്ക. ക്രിസ്തുസ്നേഹം ഇല്ലാതെ മനുഷ്യരുടെ ദുരിതങ്ങളിൽ പരിഹാരമാവാതെ എങ്ങനെയാണ് ഒരാൾക്ക് സഭയെ പ്രതിനിധീകരിക്കാൻ സാധിക്കുക. കപടഭക്തിയല്ലാതെ എന്താണ്. മുറിവേറ്റ ലോകം മുഴുവൻ സൗഖ്യം പകർന്നുനൽകുകയെന്നതാണ് സഭയുടെ ദൗത്യം. നല്ല ശമര്യാക്കാരന്റെ ആത്മാവാണ് ക്രിസ്തുസഭയ്ക്ക് ആവശ്യം. വഴിവക്കിൽ മുറിവേറ്റ് കിടക്കുന്നവന്റെ ഊരും,

പേരും പരിഗണിക്കാതെ മുറിവു വെച്ചുകെട്ടുന്ന ശമര്യാക്കാരൻ. പരിക്കേറ്റുകിടക്കുന്നവൻ വാ തുറന്ന് ആരാ, എന്താ എന്നൊക്കെ പറഞ്ഞിട്ട് രക്ഷിക്കാമെന്നു അയാൾ വിചാരിക്കുന്നില്ല. ഒരു ദിവസം കൂടി കഴിഞ്ഞു നാളെ സൗഖ്യം നൽകാം എന്നു പറയുന്നത് യഥാർത്ഥത്തിൽ ക്രിസ്തു നൽകുന്ന സൗഖ്യത്തെ വിലക്കുകയല്ലേ. ശാബത് വിശ്രമദിനം (Day of rest) എന്നാണ് വെയ്പ്പ്. പക്ഷേ യഹൂദന്മാർ അതിനെ നിയമങ്ങളുടെ ദിനമാക്കി (Day of laws) മാറ്റി. വളരെ യുക്തിപൂർവം കർത്താവ് അതിനെ ഖണ്ഡിക്കുന്നുണ്ട്. തങ്ങളുടെ ആടുമാടുകളുടെ കാര്യത്തിലുള്ള ദീനാനുകമ്പപ്പോലും സഹജീവികളോട് ഇല്ലാതായി പോയല്ലോ എന്നു കർത്താവ് വിമർശിക്കുന്നുണ്ട്.

ഇവിടെ കൂനിയായ സ്ത്രീയുടെ സൗഖ്യത്തിലൂടെ സഭയേയും സഭാസംവിധാനങ്ങളെയും (ശാബത്) സൗഖ്യമാക്കുവാനുള്ള ശ്രമമാണ് കർത്താവ് നടത്തുന്നത്. യഹോവയാം ദൈവം വിശ്രമിക്കുവാൻ പറഞ്ഞ ദിവസം ഏകജാതൻ തന്റെ പണി ആരംഭിക്കുകയാണ്. കാലികമായ, മാനുഷീക പരിഗണനയോടെയുള്ള നവീകരണമാണ് ലക്ഷ്യം. അതുതന്നെയാണ് സഭ ഇന്നും തുടരേണ്ടത്. അല്ലാതെയുള്ള പാരമ്പര്യവും, വിശ്വാസവുമെല്ലാം ക്രിസ്തു സ്നേഹത്തെയും, അവൻ നൽകുന്ന സൗഖ്യത്തെയും വിലക്കുന്നതാണ്. അത്തരത്തിലുള്ള വിശ്വാസ സംരക്ഷണം തീർത്തും കാപട്യമാണ്. തിരുത്തണം. അല്ലെങ്കിൽ അടുത്ത തലമുറക്ക് ജയ് വിളിക്കാൻപോലും ഈ സഭ ഇല്ലാതെ പോവും.

# കീഴാളതയും പ്രതിനിധാനത്തിന്റെ പ്രശ്നങ്ങളും സ്പിവാക്കിന്റെ ചിന്തകളിൽ

**ഡോ. വൈ. റ്റി. വിനയരാജ്**
ഡയറക്ടർ, സി. ഐ. എസ്. ആർ. എസ്., ബാംഗ്ലൂർ

**കീഴാള സ്ത്രീയും ചരിത്രാഖ്യാനവും**

പ്രതിനിധാനം ചെയ്യപ്പെടാൻ സാധിക്കാത്ത ഭാവുകത്വമാണ് കീഴാളത എന്ന ചിന്തയുടെ വിപുലീകരണമാണ് ഇന്ത്യൻ സ്ത്രീ സമൂഹത്തെക്കുറിച്ചുള്ള സ്പിവാക്കിന്റെ ചർച്ചയിൽ കാണുന്നത്. ഫെമിനിസം സ്പിവാക്യൻ രീതിശാസ്ത്രത്തിൽ ഒഴിവാക്കാനാവാത്ത ഒന്നാണ്. കോളനിയനന്തര വാദവും അപനിർമ്മാണവും സ്ത്രീപക്ഷ ചിന്തകളുമായി ബന്ധിപ്പിക്കുന്ന ശൈലി അതിനൂതനവും സവിശേഷവുമാണ്. കീഴാളരുടെ സ്വത്വ പ്രതിസന്ധിയിൽ ലിംഗപരമായ വിവേചനം ഉണ്ടാക്കുന്ന വർദ്ധിതമായ ബാധ്യതകൾ തുറന്ന ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുന്നു. കൊളോണിയൽ ഇന്ത്യയിൽ നിലനിന്നിരുന്ന സതി എന്ന സ്ത്രീവിരുദ്ധ സാമൂഹ്യപ്രയോഗത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾ പ്രശ്നവത്കരിച്ചുകൊണ്ടാണ് സ്പിവാക്ക് സ്ത്രീകളെന്ന കീഴാള സമൂഹത്തെക്കുറിച്ചു സംസാരിക്കുന്നതു. കൊളോണിയൽ ചരിത്രാഖ്യാനങ്ങളിലെ ദേശീയ/പുരുഷാധിപത്യ വായനകൾക്കും കൊളോണിയൽ/പുരോഗമന വായനകൾക്കും ഇടയിൽ നിശബ്ദമാക്കപ്പെട്ട ഇന്ത്യൻ സ്ത്രീകളെക്കുറിച്ചാണ് സ്പിവാക്ക് ചിന്തിക്കുന്നത്. സതി, ഇന്ത്യൻ കീഴാളസ്ത്രീ സമൂഹത്തിന്റെ വിമോചനമാണെന്ന കൊളോണിയൽ നിർവ്വചനത്തിനും ഇന്ത്യൻ സ്ത്രീകളുടെ ധീരോചിതമായ ജീവൽ സമർപ്പണമാണെന്നുള്ള പുരുഷാധിപത്യ-ദേശീയ വായനക്കും ഇടയിൽ ഇരകളാക്കപ്പെടുന്ന സ്ത്രീ ശബ്ദം അവഗണിക്കപ്പെട്ടിരിക്കുന്നു. പ്രതിനിധാനം യഥാർത്ഥ ശബ്ദത്തെ നിശബ്ദമാക്കിയിരിക്കുന്നു. അവഗണിക്കപ്പെട്ട, കേൾക്കപ്പെടാനാവാത്ത ശബ്ദമായി സ്ത്രീ ശബ്ദം നിശ്ചലമാക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്കുവേണ്ടി സംസാരിക്കുന്നുവെന്നുപറയുന്ന എല്ലാ ആധിപത്യ ഘടകങ്ങളും വാസ്തവത്തിൽ യഥാർത്ഥ സ്ത്രീശബ്ദത്തെ നിശബ്ദമാക്കുകയാണ് ചെയ്യുന്നത്.

1926 ൽ കൽക്കത്തയിൽ ആത്മഹത്യ ചെയ്യപ്പെട്ട ഭുവനേശ്വരി ഭാദുരി എന്ന യുവതിയുടെ കഥ പറഞ്ഞുകൊണ്ടാണ് ചരിത്ര രചനയിലെ സ്ത്രീ നിശബ്ദവത്കരണത്തെക്കുറിച്ചു സ്പിവാക്ക് വിശദീകരിക്കുന്നത്. 16-17 വയസ്സുള്ള ആ പെൺകുട്ടി ആത്മഹത്യ ചെയ്യുമ്പോൾ കാരണം വ്യക്തമല്ലായിരുന്നു. അവിഹിത ബന്ധം മൂലമാകാം ആത്മഹത്യയെന്ന് വിചാരിച്ചിരുന്നുവെങ്കിലും ആർത്തവകാലത്താണവൾ മരിച്ചത് എന്ന ശരീരത്തിന്റെ സന്ദേശം അവൾ ഗർഭിണിയല്ലായെന്നതായിരുന്നു. എന്നാൽ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ദൗത്യം പൂർത്തീകരിക്കാൻ കഴിയാത്തതിലുള്ള നിരാശ കാരണമായിരുന്നു ആത്മഹത്യയെന്ന ആത്മഹത്യാക്കുറിപ്പ് പിൽകാലത്താണ് ലഭിക്കുന്നത്. ശരീരം നൽകിയ സന്ദേശം പോലും മനസ്സിലാക്കാൻ ആ സമൂഹത്തിന് കഴിയാതെപോയെങ്കിൽ ഇന്ന് സ്ത്രീ ശബ്ദങ്ങളെ തിരിച്ചറിയാൻ കഴിയുന്ന സംഭവങ്ങൾ എത്രയോ അധികമാണ്. അതുകൊണ്ട് സ്ത്രീകളെന്ന കീഴാള സമൂഹം, എത്ര സംസാരിച്ചാലും എഴുതിയാലും പുരുഷാധിപത്യത്തിന്റെ സമൂഹം അതിനെ തെറ്റായി വായിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് ശരിയായ കീഴാള സ്ത്രീശബ്ദം കേൾക്കുവാൻ കഴിയാത്തതാണ്. അത് അവർ സംസാരിക്കാത്തതുകൊണ്ടല്ല, മറിച്ചു അവളുടെ ഭാഷണങ്ങളെ ആധിപത്യത്തിന്റെ വ്യവഹാരങ്ങൾക്കുള്ളിൽ പ്രതിനിധാനം ചെയ്യപ്പെട്ട് നിശബ്ദമാക്കപ്പെടുന്നതുകൊണ്ടാണ്. പ്രതിനിധാനത്തിന്റെ പരാജയമാണ് ഇവിടെ സ്പിവാക്ക് അടിവരയിടാൻ ശ്രമിക്കുന്നത്. ഉപരിവർഗ്ഗ സമൂഹം കീഴാള സമൂഹത്തിനായി പറയാൻ ശ്രമിക്കുമ്പോഴൊക്കെ തന്നെ, കീഴാളരുടെ ശബ്ദം നിശബ്ദമായിക്കൊണ്ടിരിക്കും. യൂറോപ്യൻ സ്ത്രീകൾ ലോകത്തിലെ എല്ലാ സ്ത്രീകൾക്കും വേണ്ടി സംസാരിക്കാൻ ശ്രമിച്ചപ്പോൾ നിശബ്ദമാക്കപ്പെട്ടതു അധിനിവേശിത സമൂഹങ്ങളിലെ സ്ത്രീകളുടെ സ്വയാർജിത ശബ്ദമാണ്. അതുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളിലെ സ്ത്രീവാദ പ്രസ്ഥാനങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ പോലും മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളെ പ്രതിനിധാനം ചെയ്ത് നിശബ്ദരാക്കുകയായിരുന്നു. ഇവിടെയാണ് സ്പിവാക് പോസ്റ്റ് ഫെമിനിസത്തിന്റെ വക്താവായി മാറുന്നത്. ഫെമിനിസം അഥവാ വുമണിസം എന്നത് സാർവലൗകിക സ്ത്രീവാദം

അല്ലെന്നും സ്ത്രീ കർതൃത്വ ത്തിന്റെ ബഹുസ്വരാത്മകതയുടെ വെളിപ്പെടുത്തൽ ആണെന്നും സ്പിവാക്ക് പറയുന്നു. ഇവിടെ യൂറോപ്യൻ സ്ത്രീപക്ഷവാദികൾ ഇതര സ്ത്രീസമൂഹങ്ങൾക്കുവേ ണ്ടി സംസാരിക്കുകയല്ല; പകരം അവരെ ശ്രദ്ധയോടെ കേൾക്കുക യാണ് വേണ്ടതെന്ന് സ്പിവാക്ക് ഉപദേശിക്കുന്നു. എങ്ങനെ അപര ത്വങ്ങളെ പ്രതിനിധീകരിക്കണം എന്നുള്ളതല്ല, മറിച്ചു അപരത്വ ങ്ങളെ ശ്രവിക്കുമ്പോൾ എന്റെ സ്വത്വ നിർമ്മിതിയിലെ പോരായ്മ കൾ കണ്ടെത്താനാണ് ശ്രമിക്കേണ്ട തെന്ന് സ്പിവാക്ക് പറയുന്നു. ഇവിടെ അപരത്വ അപനിർമ്മിതി യുടെ ദാർശനികനായ ഇമ്മാനു വേൽ ലീവിനാസിന്റെ ചിന്തക ളോട് സ്പിവാക്ക് കൂടുതൽ അടു ത്ത് നിൽക്കുന്നു. അപരത്വത്തെ അപാരതയായി കണ്ട് സ്വത്വ-അപ രത്വ നിർമ്മിതികളെ മറികടക്കാനും അതുവഴി തന്റെതന്നെ സ്വത്വത്തെ ജനാധിപത്യപരമായി പുനർ ക്രമീ കരിക്കാനുമാണ് യൂറോപ്യൻ ഫെമിനിസ്റ്റുകൾക്കു സാധിക്കേണ്ട തെന്നു സ്പിവാക്ക് പറയുന്നു.

കീഴാളർക്ക് അഥവാ കീഴാള സ്ത്രീകൾക്ക് ഒരിക്കലും പ്രഖ്യാ പിതമായൊരു സ്വത്വസ്ഥാനം ഇല്ലാ യെന്നല്ല സ്പിവാക് പറയുന്നത്. അപനിർമ്മിതിയുടെ പ്രക്രിയ എന്നാൽ ഒരിക്കലും സ്വത്വം അടയാളപ്പെടുത്താനാവാതെ കൂടുവിട്ട് കൂടുമാറുന്ന ചാഞ്ചാട്ട ത്തിന്റെ ദുർബല കർതൃത്വം എന്നല്ല.മറിച്ചു ചില ഘട്ടങ്ങളിൽ സ്വത്വബോധത്തിന്റെ പ്രഖ്യാപനം നടത്തേണ്ട സാഹചര്യം ഉണ്ടാവും. ഞാനൊരു സ്ത്രീയാണ്, ഞാ നൊരു പുരുഷനാണ്, ഞാനൊരു ദലിതനാണ്, ഞാനൊരു ഭിന്ന -ലിംഗ സമൂഹ അംഗമാണ് എ ന്നൊക്കെയുള്ള പ്രഖ്യാപനങ്ങൾ ചിലപ്പോൾ ചെയ്യേണ്ടിവരുന്നത് തന്ത്രപരമായ വ്യവഹാരത്തിന്റെ ഭാഗമായി മാത്രമാണ്. ആധിപ ത്യത്തെ പൊളിക്കാനുള്ള ഒരു ഉപാധി മാത്രമാണത്. എന്നാൽ അതൊരിക്കലും വിധേയത്വത്തി ന്റെ സ്വത്വ ബോധം സ്വീകരിക്കാൻ നമ്മെ നിർബന്ധിക്കുന്ന ഒന്നാകി ല്ല. ഇതിനെ തന്ത്രപരമായ സത്താ വാദം (strategic essentialism) എന്നാണ് സ്പിവാക്ക് വിളിക്കു ന്നത്. ഈ തന്ത്രപരമായ സത്താ വാദം കീഴാളതയുടെ നിഴ്ചല തയെ ശിഥിലമാക്കുകയും സാഹ ചര്യങ്ങൾക്കു അനുസൃതമായി സ്വത്വകാംക്ഷയെ വ്യതിരിക്തമായി പുനരാഖ്യാനം ചെയ്യാൻ കീഴാളരെ സഹായിക്കുകയും ചെയ്യും. പ്രതി നിധാനം എന്നത് ആത്യന്തിക മായി നൽകപ്പെട്ടത് അല്ലെന്നും വ്യാഖ്യാനാത്മകമായി പുനരാലേ ഖനം ചെയ്യേണ്ടതാണെന്നുമുള്ള സ്പിവാക്കിന്റെ പ്രത്യയശാസ്ത്രം കീഴാള സമൂഹങ്ങളെ സംബന്ധി ച്ചിടത്തോളം നവമാനവികതയുടെ ഉണർത്തുപാട്ടാണ്.

**ഉപസംഹാരം**

ആധിപത്യ സമൂഹങ്ങൾ കീഴാളരെ താഴ്ത്തിക്കെട്ടാൻ ഉപ യോഗിക്കുന്ന പരമ്പരാഗതമായ കീഴാളത (subalternity) നവ ആഖ്യാനത്തിലൂടെ പ്രസ്തുത ജന വിഭാഗങ്ങൾക്ക് സ്വത്വ പുനഃനിർമ്മി തിയുടെ പുതിയൊരു പ്രത്യയ ശാസ്ത്രംമായി മാറുകയാണ്. മനുഷ്യാവകാശ പ്രവർത്തകരും സാമൂഹ്യ വിമോചന ധാരയുടെ വക്താക്കളും സാമൂഹ്യക്ഷേമത്തെ മുൻനിർത്തി കീഴാളർക്കുവേണ്ടി സംസാരിക്കുമ്പോൾ വാസ്തവ ത്തിൽ കീഴാളർ നിശബ്ദമാക്കെ പ്പെടുകയാണെന്ന് വ്യക്തമാക്കുക യാണിവിടെ. കീഴാള ശബ്ദം എല്ലാ പ്രതിനിധാനങ്ങൾക്കുമപ്പുറം വഴ ങ്ങാത്ത സ്വത്വഭാവനകളാണെന്ന് സ്പിവാക്ക് പറയുന്നു. അതു കൊണ്ട് കീഴാളരുടെ നിശബ്ദമാ ക്കെപ്പെട്ട ശബ്ദം കേൾക്കുക അസാ ധ്യമാണ്. ആ അസാധ്യത തിരിച്ച റിഞ്ഞു ഒരു സ്വത്വന്വേഷണ തീർ ത്ഥടന യാത്രക്കാണിനി എല്ലാ പുരോഗമന ധാരകളും സഞ്ചരി ക്കേണ്ടത്. നിശ്ശബ്ദതരുടെ നില വിളി കേൾക്കാൻ അശരീരികളുടെ (ഇരകളുടെ) ശബ്ദങ്ങൾക്കു ചെവി യോർക്കാം. സ്വന്തം ആധിപത്യ സ്വത്വത്തെ അഴിച്ചെടുക്കാതെ കീഴാളരുടെ വിമോചനത്തിനായി ശബ്ദിക്കാമെന്നുള്ള മേലാളവർഗ്ഗ ത്തിന്റെ സൈദ്ധാന്തിക ചട്ടക്കൂടാ ണിവിടെ പൊളിഞ്ഞു വീഴുന്നത്. കീഴാളർ സ്വത്വകാംക്ഷയുടെ തീർ ത്ഥാടനത്തിലാണ്; തടവറയിലല്ല. പൊതുസമൂഹം ചെയ്യേണ്ടത് കീഴാ ളരുടെ സ്വത്വ പുനർനിർമ്മിതിയു ടെ ആവിഷ്കാരങ്ങളെ ശ്രദ്ധിക്കു കയും പാഠങ്ങൾ പഠിക്കുകയും സ്വയം തിരുത്തുകയും ചെയ്യുക എന്നതാണ്. അത് കീഴാളതയുടെ പാഠമാണ്; കീഴാളർക്കും മേലാ ളർക്കും.


**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം-100 രൂ., മൂന്ന് വർഷം-250 രൂ.,
ആയുഷ്ക്കാലം (12 വർഷം)-1000 രൂ.

# വനിതാദിനം 2024

ജിജി ജോൺസൺ

എല്ലാ വർഷവും മാർച്ച് 8 ന് ആഘോഷിക്കുന്ന വനിതാദിനം സ്ത്രീകളുടെ നേട്ടങ്ങളെ അഭിനന്ദിക്കുന്നതിനും സമൂഹത്തിന് അവർ നല്കിയ സംഭാവനകളെ അംഗീകരിക്കുന്നതിനും ലിംഗസമത്വത്തിനു വേണ്ടി വാദിക്കുന്നതിനുമുള്ള ഒരു ആഗോള അവസരമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വടക്കേ അമേരിക്കയിലേയും യൂറോപ്പിലേയും തൊഴിലാളി പ്രസ്ഥാനത്തിൽ നിന്നാണ് അന്താരാഷ്ട്ര വനിതാദിനത്തിന്റെ തുടക്കം. മോശമായ ജോലി സാഹചര്യങ്ങൾക്കെതിരെ ന്യൂയോർക്കിലെ വസ്ത്ര തൊഴിലാളികൾ പ്രതിഷേധവും പണിമുടക്കും നടത്തുകയുണ്ടായി. മെച്ചപ്പെട്ട തൊഴിൽ സാഹചര്യം, വോട്ടവകാശം, സാമൂഹിക സമത്വം എന്നിവക്കുവേണ്ടി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് അമേരിക്ക 1909 ഫെബ്രുവരി 28 ന് സംഘടിപ്പിച്ച പ്രതിഷേധമായിരുന്നു ആദ്യത്തെ വനിതാദിനം. പിന്നീട് 1910 ൽ കോപ്പൻഹേഗിൽ നടന്ന അന്താരാഷ്ട്ര വനിതാ തൊഴിലാളി സ്ത്രീകളുടെ യോഗത്തിൽ സ്ത്രീകളുടെ അവകാശങ്ങൾക്കും വോട്ടവകാശത്തിനും വേണ്ടി വാദിക്കാൻ, ഒരു വാർഷിക വനിതാ ദിനം സ്ഥാപിക്കാനുള്ള നിർദ്ദേശത്തെ ഏകകണ്ഠമായി അംഗീകരിക്കുകയും 1911 മുതൽ മിക്ക രാജ്യങ്ങളും അത് ഏറ്റെടുക്കുകയും ചെയ്തു. 1975 ൽ ഐക്യരാഷ്ട്ര സഭ, അംഗരാജ്യങ്ങളെ മാർച്ച് 8 സ്ത്രീകളുടെ അവകാശങ്ങൾക്കും ലോക സമാധാനത്തിനും ഉള്ള ദിവസമായി പ്രഖ്യാപിക്കുകയും ചെയ്തു. ആദ്യ ചിന്താവിഷയം: 'സ്ത്രീ ശാക്തീകരണം മാനവികതയുടെ ശാക്തീകരണത്തിന്' എന്നതായിരുന്നു. ലോകമെമ്പാടുമുള്ള സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക -സാംസ്കാരിക-രാഷ്ട്രീയ നേട്ടങ്ങളെ കുറിച്ച് അവബോധം വളർത്തുക, സ്ത്രീകൾക്കെതിരെയുള്ള അക്രമവും ദുരുപയോഗങ്ങളും തടയുക തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധചെലുത്താനുള്ള ആഹ്വാനമാണ് വനിതാദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. യാഥാസ്ഥിതിക പുരുഷാധിപത്യ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും മാനസ്സികവും സാമൂഹികവുമായ ശാക്തീകരണം ഇതിന്റെ ഭാഗമാണ്. ലിംഗസമത്വം (gender equality), ലിംഗനീതി (gender justice) തുടങ്ങിയവയും ഇതിന്റെ മുഖ്യലക്ഷ്യങ്ങളിൽ വരുന്നുണ്ട്.

2024 അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ പ്രചാരണ ചിന്താവിഷയം 'inspire inclusion' അഥവാ 'ഉൾപ്പെടുത്തലിനെ പ്രചോദിപ്പിക്കുക' എന്നതാണ്. സ്ത്രീകളെ വിലമതിക്കുകയും ബഹുമാനിക്കുകയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂർണ്ണമായി പങ്കെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്ന, എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു സമൂഹം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ചിന്താവിഷയം അടിവരയിടുന്നത്. ഈ വർഷത്തെ മുഖ്യ പ്രമേയമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിരിക്കുന്ന ആശയം: 'സ്ത്രീകൾക്കായി നിക്ഷേപിക്കുക, പുരോഗതിയെ ത്വരിതപ്പെടുത്തുക. (Invest in women, accelerate progress) എന്നതാണ്. ലിംഗസമത്വത്തിലേക്കുള്ള പുരോഗതി ത്വരിതപ്പെടുത്തുന്നതിൽ സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമ്പത്തിക ശാക്തീകരണം, നേതൃത്വവികസനം എന്നിവയിൽ നിക്ഷേപം നടത്തേണ്ടതിന്റെ നിർണായക പങ്ക് ഊന്നിപ്പറയുന്നു. സ്ത്രീകളിൽ നിക്ഷേപിക്കുന്നതിലൂടെ അവരുടെ വ്യക്തിഗത അവസരങ്ങളും ഉപജീവന മാർഗ്ഗങ്ങളും വർദ്ധിപ്പിക്കുക മാത്രമല്ല, സമൂഹത്തിനും രാജ്യത്തിനും മെച്ചപ്പെട്ട ഫലങ്ങൾ നൽകുന്നു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും അനുകൂലമായ മാറ്റങ്ങൾ രൂപപ്പെടുത്തിയെടുക്കുകയും അത് ലോകത്തിന്റെയാകെ വികസനത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്.

ലോകത്തിന്റെ ഏത് കോണിലുമുള്ള സ്ത്രീകൾ രാഷ്ട്രീയ രംഗത്തും സാമ്പത്തിക രംഗത്തും പല കാരണങ്ങളാൽ പാർശ്വവത്കരിക്കപ്പെടുന്നു. രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുന്ന വേദികളിൽ സ്ത്രീ പങ്കാളിത്തം വളരെ പ്രധാനപ്പെട്ടതാണ്. അത് വികസന മുൻഗണനകളെ മാറ്റും. പക്ഷേ അതിലേക്കുള്ള യാത്രയുടെ വേഗത വർദ്ധിപ്പിക്കേണ്ടത് വളരെയധികം ആവശ്യമാണ്. പൊതു സ്ഥലങ്ങളിലുണ്ടാകുന്ന ആക്രമണങ്ങളും സുരക്ഷിതത്വമില്ലായ്മയും ഇന്ന് നേരിടുന്ന ഒരു ഭീഷണിയാണ്. ദാരിദ്ര്യം ഒരു വെല്ലുവിളിയായി മുന്നിലുണ്ട്. കോവിഡ് മഹാമാരി, കാലാവസ്ഥ മാറ്റം, സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ, യുദ്ധവും അതിന്റെ കെടുതികളും എല്ലാം ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന ഘടകങ്ങളാണ്. ദാരിദ്ര്യം വർദ്ധി

RNI No. KERMAL/2012/46014 | Date of Publication 15/03/2024 | Licence No. KL/CR/ALY/WPP-02/2022-24
Registered. Reg. No. KL/ALY/0067/2022-2024 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

ക്കുന്നത് കുറ്റകൃത്യങ്ങൾ പെരുകുന്നതിനും രോഗവ്യാപനത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്കുമെല്ലാം കാരണമാകുന്നു. പട്ടിണിയും അസംതൃപ്തിയുമെല്ലാം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളേയും കുട്ടികളേയും അരികുവത്കരിക്കപ്പെട്ടവരേയും ആണ്. അതുകൊണ്ട് സ്ത്രീകൾക്കായി നിക്ഷേപിക്കുക എന്ന വിഷയം പ്രസക്തമാവുകയാണ്. കാരണം സ്ത്രീ, ഒരു വിഷയത്തെ കാണുന്നത് അവളെ മാത്രം ബാധിക്കുന്ന രീതിയിലല്ല. ജീവനെ വഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന അവൾക്ക് മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞും തന്റെ കുടുംബത്തിനോ താനടങ്ങുന്ന സമൂഹത്തിനോ ചുറ്റുപാടുകൾക്കോ ദോഷം വരാത്തതുമായ പ്രവർത്തികൾ ചെയ്യാൻ സാധിക്കും. അതുകൊണ്ട് സ്ത്രീകളുടെ പങ്കാളിത്തം ഉള്ള ബദൽ സാമ്പത്തിക സാമൂഹിക വ്യവസ്ഥയുടെ മാതൃകകൾ ഉയർന്നുവരണം. എങ്കിൽ മാത്രമേ സാമൂഹിക പുരോഗതിയിൽ ഗുണപരമായ. മാറ്റങ്ങൾ സാധ്യമാകൂ.

അന്താരാഷ്ട്ര വനിതാദിനം സ്ത്രീകളുടെ നേട്ടങ്ങളെ ആഘോഷിക്കുക മാത്രമല്ല, ലിംഗനീതി ഉറപ്പാക്കുന്ന ഭാവിപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി പ്രവർത്തിക്കാൻ സർക്കാരിനും സംഘടനകൾക്കും വ്യക്തികൾക്കും ഉത്തരവാദിത്വം ഉണ്ട്. സഭയിൽ നിലനിൽക്കുന്ന വിവേചനപരമായ അവസ്ഥകൾ ഇല്ലായ്മ ചെയ്യാനുള്ള നടപടികളും ഉണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ സുന്നഹദോസിൽ സ്ത്രീകൾക്ക് സഭാഭരണത്തിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതം ചെയ്യുന്നു. ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ അന്ന് സ്ത്രീകൾക്കെതിരായി നിലനിന്ന സാമൂഹികമായതും മതപരമായതും നിയമപരമായതുമായ വിവേചനങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ട് ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി വിളിച്ച് ചേർക്കുകയും ചെയ്തു. തുടർന്നും ആദിമ സഭയുടെ വളർച്ചയിൽ സാമ്പത്തിക കൈത്താങ്ങ് നൽകിയും ആരാധനാ ശുശ്രൂഷയിലും പ്രേഷിത പ്രവർത്തനങ്ങളിലും പങ്കാളികളായും ധാരാളം സ്ത്രീകൾ പ്രവർത്തിച്ചിരുന്നതായി കാണാം. പിന്നീട് വന്ന മാറ്റങ്ങളിൽ പുരുഷമേധാവിത്വം ശക്തിപ്പെടുകയും ഭരണം ശ്രേണി പരമായ ഘടനയിലധിഷ്ഠിതമാവുകയും ചെയ്തത് ക്രിസ്തുശൈലിയിൽ നിന്നും മാറിപ്പോകാൻ ഇട യായി. ഒരു പക്ഷിയുടെ ഇരുചിറകി നുമുള്ള പ്രാധാന്യമാണ് സമൂഹവളർച്ചയിൽ സ്ത്രീപുരുഷ പങ്കാളിത്തത്തിന്. ഇരുചിറകും ബലമുള്ളതാണെങ്കിലെ മുന്നോട്ടുള്ള ഗമനം സാധ്യമാകൂ. എങ്കിലേ പുരോഗതി കൈവരിക്കാനാകൂ. സഭയുടെയും സമൂഹത്തിന്റെയും പുരോഗതി ത്വരിതപ്പെടുത്തേണ്ടതിന് തുല്യപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അതിനായി ഈ വനിതാദിന ചിന്തകൾ സഹായിക്കട്ടെ.




### വേദസമീക്ഷ സർട്ടിഫിക്കറ്റ് വിതരണം നടന്നു

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ നിയമപഠന പദ്ധതിയായ വേദസമീക്ഷയുടെ ഒന്നാം വർഷപഠനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മാർച്ച് 2-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് പെരിയാമ്പ്ര സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടന്ന പ്രൗഢമായ ചടങ്ങിൽ വച്ചാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. ചടങ്ങിൽ ഭദ്രാസന മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യു മുഖ്യപ്രഭാഷണവും അഖില മലങ്കര മർത്തമറിയം വനിതാ സമാജം ജനറൽ സെക്രട്ടറി പ്രൊഫ. മേരി മാത്യു അനുമോദനങ്ങളും നേർന്നു സംസാരിച്ചു ശ്രീമതി ജിജി ജോൺസൺ പഠനം പൂർത്തിയാക്കിയവരെ സദസ്സിന് പരിചയപ്പെടുത്തി. ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ വേദസസമീക്ഷയുടെ തുടർപഠന വിഷയങ്ങളെ പരിചയപ്പെടുത്തി. യോഗത്തിന് വേദസമീക്ഷ കോഴ്സ് ഡയറക്ടർ ഫാ. ഷിബു കുര്യൻ സ്വാഗതവും കോഴ്സ് കോർഡിനേറ്ററും ഭദ്രാസന മർത്തമറിയം ജനറൽ സെക്രട്ടറിയുമായ ശ്രീമതി മിനി ജോസഫ് നന്ദിയും പറഞ്ഞു.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha 686661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426